PRICE ₹ 50/-

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL 6 I ISSUE 2 I BIMONTHLY I APRIL 2026 I 48 PAGES




**04** ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിൽ

**08** സാക്ഷാത്കരിക്കപ്പെട്ട പുനരധിവാസ, ഭവന പദ്ധതികൾ

**11** ആരോഗ്യ പരിപാലനവും ഇൻഷ്വറൻസ് പരിരക്ഷയും

**13** കേരളത്തിലെ ഭൂഭരണം സ്മാർട്ട്

**24** സഞ്ജു വി. സാംസൺ: ട്വന്റി20 ക്രിക്കറ്റ് – മൂന്നാം ലോകകപ്പ് കിരീട നേട്ടത്തിലെ മലയാളിത്തിളക്കം

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 6 ലക്കം 2 ഏപ്രിൽ 2026

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ.എൻ.ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഷാജി സി. ബേബി**
സെക്രട്ടറി - ഇൻ - ചാർജ്

അംഗങ്ങൾ
**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
**എം.കെ. റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
**പി. ഹരി**
അഡീഷണൽ സെക്രട്ടറി
**രജനി വി.ആർ.**
അഡീഷണൽ സെക്രട്ടറി
**വി.ജി. റിജു**
ജോയിന്റ് സെക്രട്ടറി
**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി
**റീന വി. ആർ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ
**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി
**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**
രൂപകൽപ്പന
**ബിജി ജോൺ**
അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

"സജ്ജനനിന്ദകൊണ്ടേ
ദുർജ്ജനം സന്തോഷിപ്പൂ
സജ്ജനത്തിനു നിന്ദയില്ല
ദുർജ്ജനത്തെയും"

**- തുഞ്ചത്ത് എഴുത്തച്ഛൻ**



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തമാണ്.

# ഉൾത്താളുകളിലൂടെ ......


ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിൽ 04
**എ.എൻ. ഷംസീർ**

സാക്ഷാത്കരിക്കപ്പെട്ട പുനരധിവാസ, ഭവന പദ്ധതികൾ 08
**പിണറായി വിജയൻ**

ആരോഗ്യ പരിപാലനവും ഇൻഷ്വറൻസ് പരിരക്ഷയും 11
**വി.ഡി. സതീശൻ**

കേരളത്തിലെ ഭൂഭരണം സ്മാർട്ട് 13
**ചിറ്റയം ഗോപകുമാർ**

സ്പീക്കറുടെ പൊതുപരിപാടികൾ 16

സാമാജികരുടെ നിയോജക മണ്ഡലങ്ങളിലൂടെ 17

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ 21

ചിത്രജാലകം 25

വിജ്ഞാനപഥം 29

ഇതരസഭാ വാർത്തകൾ 29

സഭാ സമ്മേളന വാർത്ത 30

പാർലമെന്റ് സമ്മേളന വാർത്ത 31

സുപ്രധാന കോടതി വിധികൾ 31

വേർപാട് 32

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ 33

സഭാ നായകരുടെ ജീവിത രേഖയിലൂടെ 34

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ 35

നിയമസഭാ പ്രസംഗങ്ങളിലൂടെ 36

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ 38
**റ്റി. മനോഹരൻ നായർ**

നിയമനിർമ്മാണ സഭകളിൽ ഗവൺമെന്റിന്റെ നയപ്രഖ്യാപനം 42
**ശ്യാം കെ. എസ്.**

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 45



# ഈ ജനാധിപത്യത്തിന്റെ ശ്രീകോവിൽ



**എ.എൻ. ഷംസീർ**
സ്പീക്കർ

2021 മേയ് 24 ാം തീയതി ആദ്യ സമ്മേളനം തുടങ്ങിയ പതിനഞ്ചാം കേരള നിയമസഭ അതിന്റെ കാലാവധി പൂർത്തീകരിക്കുകയാണ്. 16 സമ്മേളനങ്ങളിലായി ആകെ 204 ദിനങ്ങളാണ് സഭ സമ്മേളിച്ചത്. ജനകീയ പ്രശ്നങ്ങളെ ഏറ്റവും ഭംഗിയായി പ്രതിഫലിപ്പിക്കാൻ കഴിയുന്ന നിലയിൽ വിവിധ വിഷയങ്ങളിൽ കാമ്പുള്ള ചർച്ചകൾ ഈ കാലത്ത് സഭയിൽ ഉയർന്നുവന്നു. ജനോപകാരപ്രദമായ ഒട്ടേറെ ബില്ലുകൾ പാസാക്കി. സമ്മേളന ദിവസങ്ങളുടെ അടിസ്ഥാനത്തിൽ ആനുപാതികമായി ഏറ്റവും കൂടുതൽ നിയമങ്ങൾ പാസാക്കിയത് പതിനഞ്ചാം കേരള നിയമസഭയാണെന്നത് തികച്ചും അഭിമാനാർഹമായ നേട്ടമാണ്. കൂടാതെ ഈ സഭയുടെ കാലത്ത് പ്രസിദ്ധീകരിച്ച 195 ഗവൺമെന്റ് ബില്ലുകളിൽ 168 ബില്ലുകൾ പാസാക്കാനും മറ്റുള്ളവ നിയമപരമായി ഒഴിവാക്കാനും സാധിച്ചുവെന്ന അപൂർവ്വ നേട്ടവും എടുത്തുപറയേണ്ടതാണ്.

ഒന്നാം കേരള നിയമസഭ മുതൽ പതിമൂന്നാം കേരള നിയമസഭ വരെ റൂൾ 50 പ്രകാരം സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്മേൽ ചർച്ച നടക്കുന്നത് വളരെ അപൂർവ്വമായി മാത്രം നടക്കുന്ന പ്രക്രിയയായിരുന്നു. എന്നാൽ അത്തരത്തിലുള്ള 18 നോട്ടീസുകളിന്മേൽ ചർച്ചയ്ക്ക് സന്നദ്ധമായിക്കൊണ്ട് മറ്റൊരു

മാതൃക സൃഷ്ടിക്കുന്നതിനും പതിനഞ്ചാം കേരള നിയമസഭയ്ക്ക് സാധിച്ചു. ഏഴാം സമ്മേളനത്തിലും പതിനാറാം സമ്മേളനത്തിലും സഭ നിയന്ത്രിക്കുന്നതിനുള്ള ചെയർപേഴ്സൺമാരുടെ മൂന്നംഗ പാനലിൽ വനിതാ അംഗങ്ങളെ മാത്രം ഉൾപ്പെടുത്തിയത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. വർഷത്തിൽ ഏറ്റവും കൂടുതൽ ദിവസങ്ങൾ സമ്മേളിക്കുന്ന നിയമസഭ എന്ന നിലയിൽ രാജ്യത്തെ ഇതര നിയമസഭകൾക്ക് മാതൃകയാണ് കേരള നിയമസഭ. ഒരു വർഷത്തിൽ ശരാശരി 60 ദിവസങ്ങളെങ്കിലും സമ്മേളിക്കുക എന്ന ലക്ഷ്യം  വരുംകാലങ്ങളിൽ കേരള നിയമസഭ സാധ്യമാക്കണം.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന് മുതൽ പതിനാറ് വരെയുള്ള സമ്മേളനങ്ങളിൽ 204 ദിവസങ്ങളിലായി 1192 മണിക്കൂർ 23 മിനിട്ടാണ് സഭ ആകെ സമ്മേളിച്ചത്. ചില ദിവസങ്ങളിൽ സഭ തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടും ഒരു ദിവസം ശരാശരി 6 മണിക്കൂറോളം സഭ ചേരാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ടതാണ്. നിയമനിർമ്മാണത്തിനായി 270 മണിക്കൂറും ധനകാര്യത്തിനായി 280 മണിക്കൂറും ഇക്കാലയളവിൽ വിനിയോഗിക്കുകയുണ്ടായി. നയപ്രഖ്യാപനത്തിനും നന്ദിപ്രമേയ ചർച്ചയ്ക്കുമായി 65 മണിക്കൂറും ചോദ്യോത്തരവേളയ്ക്കായി 162 മണിക്കൂറും ശ്രദ്ധക്ഷണിക്കൽ നോട്ടീസിനായി 53 മണിക്കൂറും സബ്മിഷനായി 117 മണിക്കൂറും സമയം ചെലവഴിച്ചിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. റൂൾ 50 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ അവതരണാനുമതിക്കായി 108 മണിക്കൂറും സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി 51 മണിക്കൂറും വിനിയോഗിക്കുകയുണ്ടായി. കേരള നിയമസഭാ ചരിത്രത്തിൽ ഒരു കെ.എൽ.എ.യിൽ റൂൾ 50 പ്രകാരമുള്ള ചർച്ചയ്ക്കായി ഇത്രയും സമയം നീക്കിവച്ചത് നടാടെയാണെന്നുള്ളത് അത്തരമുള്ള ചർച്ചകൾക്ക് സന്നദ്ധമായ സർക്കാരിനെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമായ നേട്ടമാണ്.

കേരള ഗവർണ്ണറായിരുന്ന ആരിഫ് മുഹമ്മദ് ഖാൻ നാലു പ്രാവശ്യവും ഇപ്പോൾ ഗവർണ്ണറായുള്ള രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രണ്ടു പ്രാവശ്യവും പതിനഞ്ചാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗങ്ങൾ നടത്തുകയുണ്ടായി. 2024 ജനുവരി 25ന്  ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ ആദ്യത്തെയും അവസാനത്തെയും ഖണ്ഡിക മാത്രം വായിച്ച് നയപ്രഖ്യാപന പ്രസംഗം ഒന്നര മിനിറ്റുകൊണ്ട് അവസാനിപ്പിച്ചതോടെ നിയമസഭാ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യം കുറഞ്ഞ നയപ്രഖ്യാപന പ്രസംഗമായി അത് മാറി. മന്ത്രിസഭ തയ്യാറാക്കി നൽകുന്ന പ്രസംഗം അതേപടി വായിക്കുക എന്നത് ഗവർണ്ണറുടെ ഭരണഘടനാപരമായ കടമയാണെങ്കിലും പതിനഞ്ചാം നിയമസഭയുടെ അവസാന സമ്മേളനത്തിലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ ചില ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലും നടത്തിയത് മുഖ്യമന്ത്രി സഭയെ അറിയിക്കുകയും മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപനം ആധികാരികമായി അംഗീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയറിന്റെ കൂടി അനുമതിയോടെ സഭ അത് അംഗീകരിക്കുകയും ചെയ്തു. തന്റെ നയപ്രഖ്യാപന പ്രസംഗം അതേ രൂപത്തിൽ മാത്രമേ സഭാരേഖകളിൽ ഉണ്ടാകാൻ പാടുള്ളൂ എന്നാവശ്യപ്പെട്ടുകൊണ്ട് ഗവർണ്ണർ സഭയ്ക്ക് നൽകിയ സന്ദേശം ഐക



കണ്ഠ്യേന നിരാകരിച്ചുകൊണ്ട് സഭയുടെ കീഴ്‌വഴക്കവും പരമാധികാരവും ഉയർത്തിപ്പിടിക്കാനും നിയമസഭ തയ്യാറായി എന്നത് അഭിമാനാർഹമായ കാര്യമാണ്.

നിയമസഭാ സമിതികളുടെ പ്രവർത്തനത്തിന്റെയും ഘടനയുടെയും അടിസ്ഥാനത്തിൽ, ധനകാര്യ സമിതികളെന്നും സബ്ജക്ട് കമ്മിറ്റികളെന്നും ഇതര സമിതികളെന്നും തരം തിരിച്ച് പരിശോധിക്കുകയാണെങ്കിൽ ഓരോ സമിതിയും ഏറെ മെച്ചപ്പെട്ട പ്രവർത്തനമാണ് ഇക്കാലയളവിൽ കാഴ്ചവച്ചത് എന്ന് കാണാവുന്നതാണ്. ധനകാര്യ സമിതികളായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 102 റിപ്പോർട്ടുകളും എസ്റ്റിമേറ്റ്സ് കമ്മിറ്റി 36 റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 82 റിപ്പോർട്ടുകളും പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റി 84 റിപ്പോർട്ടുകളും ഇക്കാലയളവിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. എസ്റ്റിമേറ്റ്സ് കമ്മിറ്റികളുടെ ചരിത്രത്തിൽ ഒരു സഭാ കാലയളവിൽ ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സമർപ്പിച്ചത് ഇത്തവണയാണ്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെയുണ്ടായിരുന്ന ഭീമമായ കുടിശ്ശിക സമിതിയുടെ നിരന്തരവും കാര്യക്ഷമവുമായ നടപടികളിലൂടെ തീർക്കാൻ സാധിച്ചതും സന്തോഷകരമാണ്.

സ്ത്രീകളുടെയും ട്രാൻസ്ജൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 25 റിപ്പോർട്ടുകളും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി 22 റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുകയുണ്ടായി. ഒൻപതാം കേരള നിയമസഭയുടെ കാലത്ത് രൂപീകരിക്കപ്പെട്ട മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി അതിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സമർപ്പിച്ചതും ഈ സഭയുടെ കാലത്താണ്.

അതുപോലെ പതിവ് റിപ്പോർട്ടുകൾക്കു പുറമേ സ്പെഷ്യൽ റിപ്പോർട്ടുകളും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട്, ബില്ലുകളിന്മേലുള്ള റിപ്പോർട്ടുകളും സമർപ്പിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റികളും മികച്ച പ്രവർത്തനമാണ് ഈ സഭയുടെ കാലത്ത് കാഴ്ചവച്ചത്. ഇത്തരത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച സമിതികളിലെ അധ്യക്ഷന്മാർ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരെ ആത്മാർത്ഥമായി അനുമോദിക്കുന്നു.

നിയമസഭാ സമിതികളിലെ പ്രവർത്തനത്തിലൂടെ സർക്കാരിന്റെ കാര്യനിർവ്വഹണത്തിൽ ന്യൂനതകളുണ്ടെങ്കിൽ കണ്ടെത്തുവാനും പരിഹാരം നിർദേശിക്കുവാനും കഴിയുകവഴി അംഗങ്ങൾക്ക് ഭരണകാര്യത്തിൽ പങ്കാളിത്തം ലഭ്യമാകുകയാണ്. എന്നാൽ വിവിധ സമിതിയോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്ന കാര്യത്തിൽ നല്ലൊരു ശതമാനം അംഗങ്ങളുടെ ഭാഗത്തു നിന്നും നിരന്തര വീഴ്ച വന്നിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യത്തിൽ ആവശ്യമായ തിരുത്തൽ വരുത്തേണ്ടതുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ 6 ബജറ്റുകളാണ് ഇക്കാലയളവിൽ സഭയിൽ അവതരിപ്പിച്ചത്. കേരള നിയമസഭയുടെ ചരിത്രത്തിലെ ദൈർഘ്യമേറിയ ബജറ്റ് പ്രസംഗങ്ങളിൽ നാലാമത്തെ ബജറ്റ് പ്രസംഗമാണ് അവസാന സമ്മേളനത്തിൽ 2026 ജനുവരി 29ന് അദ്ദേഹം സഭയിൽ നടത്തിയത്.

പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ സംസ്ഥാന ബജറ്റ് സമ്പൂർണ്ണമായി പാസാക്കുന്ന രീതി കേരള നിയമസഭയിൽ വളരെ അപൂർവ്വമായിട്ടു മാത്രമേ നടന്നിട്ടുള്ളൂ. സാധാരണയായി വോട്ട് ഓൺ അക്കൗണ്ട് പാസാക്കിയതിനുശേഷം സാമ്പത്തിക വർഷത്തിന്റെ ആദ്യ നാലു മാസത്തിന്റെ അവസാനത്തിൽ മാത്രമേ പൂർണ്ണമായി ബജറ്റ് പാസാക്കാൻ കഴിയുമായിരുന്നുള്ളൂ. കേരള നിയമസഭയിൽ 1964, 1968, 1969, 1972, 1975, 2005, 2018, 2020 എന്നിങ്ങനെയുള്ള വർഷങ്ങളിലായി 8 തവണയാണ് സമ്പൂർണ്ണ ബജറ്റ് പാസാക്കിയിരുന്നത്. എന്നാൽ പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ 2023, 2025, 2026 എന്നീ വർഷങ്ങളിലായി മൂന്നു തവണ സമ്പൂർണ്ണ ബജറ്റ് പാസാക്കാൻ കഴിഞ്ഞു എന്ന സവിശേഷത കൂടിയുണ്ട്.

ഈ സഭാകാലയളവിൽ ഡി.വി. ഗ്യാലറിയിൽ 2625ഉം സ്പീക്കേഴ്സ് ഗാലറിയിൽ 9729 ഉം പബ്ലിക് ഗാലറിയിൽ 29906 ഉം ഉൾപ്പെടെ ആകെ 42260 സന്ദർശകർ നിയമസഭാ നടപടികൾ വീക്ഷിക്കാനെത്തി.

2022 മേയ് 26, 27 തീയതികളിൽ കേരള നിയമസഭ സംഘടിപ്പിച്ച National Women Legislators' Conference രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്തു. രാജ്യത്ത് ആദ്യമായാണ് പാർലമെന്റിലെയും സംസ്ഥാന നിയമനിർമ്മാണ സഭകളിലെയും വനിതാ സാമാജികരുടെ ഒരു കോൺഫറൻസ് ഇത്രയും വിപുലമായി സംഘടിപ്പിക്കപ്പെട്ടത്.

ഒരു നൂറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യമുള്ള നിയമസഭാ ലൈബ്രറിയിലെ അംഗത്വം കേരളപ്പിറവി ദിനമായ 2022 നവംബർ 1 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് പുതിയൊരു അധ്യായത്തിന് കേരള നിയമസഭ തുടക്കം കുറിച്ചു. വിദ്യാർഥികൾക്കും ഗവേഷകർക്കും സാധാരണക്കാർക്കും നിയമസഭാ ലൈബ്രറിയിലെ അമൂല്യമായ പുസ്തകശേഖരം പ്രയോജനപ്പെടുത്താൻ ചരിത്രപരമായ ഈ തീരുമാനത്തിലൂടെ സാധ്യമായി.

നിയമസഭാ മന്ദിരത്തിന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനം 2023 മേയ് 22 ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ നിർവ്വഹിച്ചു. നിയമസഭാ പരിസര നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും തദവസരത്തിൽ അദ്ദേഹം നിർവ്വഹിച്ചു. അതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നു

വരികയാണ്.

നിയമസഭാ ലൈബ്രറി ശതാബ്ദി ആഘോഷങ്ങളുടെയും ആസാദി കാ അമൃത് മഹോത്സവത്തിന്റെയും ഭാഗമായി 2023 ജനുവരിയിൽ തുടക്കമിട്ട KLIBF (കേരള ലെജിസ്ലേച്ചർ ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവൽ) നാല് പതിപ്പുകൾ പിന്നിട്ട് മറ്റൊരു കേരള മാതൃകയായി രാജ്യത്തിന് മുന്നിൽ തല ഉയർത്തി നിൽക്കുകയാണ്. നോബൽ, ബുക്കർപ്രൈസ് ജേതാക്കളും ദേശീയ-അന്തർദേശീയ പ്രതിഭകളും അണിനിരന്ന പുസ്തകോത്സവങ്ങൾ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രസാധകരുടെയും വൻ ബഹുജന പങ്കാളിത്തത്തിന്റെയും വേദിയായി മാറി. പോരായ്മകൾ മനസ്സിലാക്കി ഓരോ പതിപ്പും കൂടുതൽ മികവുറ്റതാക്കാൻ നമുക്ക് സാധിച്ചു. മൂന്നാം പതിപ്പ് മുതൽ ആരംഭിച്ച സ്റ്റുഡന്റ്സ് കോർണർ നാലാം പതിപ്പിൽ കൂടുതൽ ശ്രദ്ധേയമായി. കാഴ്ചപരിമിതർക്കായി പ്രത്യേക സ്റ്റാൾ ഒരുക്കിയും വടക്കൻ കേരളത്തിന്റെ തനതുകലാരൂപമായ തെയ്യം തലസ്ഥാനത്തിന് പരിചയപ്പെടുത്തിയും അക്ഷരോത്സവത്തിന്റെ നാലാം പതിപ്പ് കൂടുതൽ ജനകീയവും വർണ്ണാഭവുമായി സംഘടിപ്പിക്കാൻ സാധിച്ചു. വൈകുന്നേരങ്ങളിലെ മെഗാഷോകൾ ജനസാഗരമായി. പുസ്തകോത്സവ കാലയളവുകളിൽ നിയമസഭാ മന്ദിരം നിയന്ത്രണങ്ങളേതുമില്ലാതെ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. കലാ-സാഹിത്യ-സാംസ്കാരിക-സാമൂഹിക മേഖലകളിലെ മഹദ് പ്രതിഭകളെ ആദരിക്കുന്നതിനായി നിയമസഭാ അവാർഡ് ഏർപ്പെടുത്തി. മലയാള സാഹിത്യത്തെ വിശ്വോത്തരമാക്കിയ ടി. പത്മനാഭൻ, എം.ടി. വാസുദേവൻ നായർ, എം. മുകുന്ദൻ, എൻ.എസ്. മാധവൻ എന്നിവർ ഒന്നു മുതൽ നാലു പതിപ്പുകളിലായി നിയമസഭാ അവാർഡിന് അർഹരായി.

2025 ൽ ഇന്ത്യ സ്വതന്ത്ര റിപ്പബ്ലിക്കായി 75 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായാണ് ഭരണഘടനാ നിർമ്മാണസഭയുടെ ചർച്ചകൾ (Constituent Assembly Debates) പൂർണ്ണമായും മലയാളത്തിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുവാനുള്ള ഉദ്യമത്തിന് കേരള നിയമസഭ തുടക്കം കുറിച്ചത്. ഇന്ത്യയിലാദ്യമായാണ് ഒരു നിയമസഭ പ്രാദേശികഭാഷയിലേയ്ക്ക് രാജ്യത്തിന്റെ ഭരണഘടനാനിർമ്മാണ സമിതിയുടെ സംവാദങ്ങൾ വിവർത്തനം ചെയ്യുക എന്ന ചരിത്രപരമായ ദൗത്യത്തിലേർപ്പെടുന്നത്. ഗവേഷകർക്കും സാധാരണക്കാർക്കും ഭരണഘടന രൂപപ്പെടുത്തുന്നതിന് വഴിയൊരുക്കിയ ചർച്ചകൾ ഭാഷാ സങ്കീർണ്ണതകളുടെ തടസ്സമില്ലാതെ മനസ്സിലാക്കാൻ സാധിക്കണമെന്ന ഉദ്ദേശ്യത്തോടെയുള്ള പ്രസ്തുത യജ്ഞം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. ഇതിനകം ആറ് വാല്യങ്ങൾ പ്രസിദ്ധീകരിച്ചു. ബാക്കിയുള്ള ഏഴ് വാല്യങ്ങളുടെ പ്രസിദ്ധീകരണം പതിനഞ്ചാം കേരള നിയമസഭയുടെ ശേഷിക്കുന്ന കാലയളവിനുള്ളിൽ പൂർത്തികരിക്കാനും തീരുമാനിച്ചിട്ടുണ്ട്.


ആദ്യ മുഖ്യമന്ത്രിയും ആധുനിക കേരള ശില്പിയുമായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ സ്മരണാർത്ഥം നിയമസഭാ മ്യൂസിയത്തിൽ ഇ.എം.എസ്. സ്മൃതി സജ്ജമാക്കി. എ.ഐ. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നിർമ്മിച്ച ഈ ഹൈടെക് മ്യൂസിയം വരുംതലമുറയ്ക്ക് ഇ.എം.എസ്.നെ അറിയാനുള്ള മികച്ച പഠനാനുഭവമായിരിക്കുമെന്നതിൽ സംശയമില്ല.

അന്തരിച്ച മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദന്റെ സഭാ പ്രവർത്തനങ്ങളെയും രാഷ്ട്രീയ ജീവിതത്തെയും ഉൾപ്പെടുത്തി തയ്യാറാക്കിയ 'വി.എസ്. സഭയ്ക്കകത്തും ജനപദങ്ങളിലും ഇച്ഛാശക്തിയുടെ ഇതിഹാസം' എന്ന ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയുണ്ടായി.

പാർലമെന്റിന്റെ നടപടിക്രമങ്ങളെ ക്രോഡീകരിച്ചുകൊണ്ട് എം.എൻ.കൗൾ, എസ്.എൽ. ശക്ധർ എന്നിവർ ചേർന്ന് തയ്യാറാക്കിയ റഫറൻസ് ഗ്രന്ഥത്തിന് സമാനമായി പ്രസിദ്ധീകരിച്ച 'കേരള നിയമസഭ -നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പും 'കേരള നിയമസഭ-നിയമനിർമ്മാണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ 1957-2026' എന്ന റഫറൻസ് ഗ്രന്ഥവും പ്രസിദ്ധീകരിച്ചു.

അഞ്ചുവർഷം പൂർത്തീകരിക്കുന്ന പതിനഞ്ചാം കേരള നിയമസഭയുടെ എല്ലാ സമ്മേളനങ്ങളും അനുബന്ധ പരിപാടികളും വിജയകരമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ സഹകരണവും പിന്തുണയും അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതുപോലെ സഭാനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അഹോരാത്രം പ്രവർത്തിച്ച നിയമസഭയിലെയും ഇതര വകുപ്പുകളിലെയും ജീവനക്കാരും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും പ്രത്യേക പ്രശംസ അർഹിക്കുന്നു. സർവ്വോപരി നിയമസഭാ നടപടികൾ പൊതുജനസമക്ഷം എത്തിക്കുന്ന കാര്യത്തിൽ നിരന്തരം ഇടപെടലുകൾ നടത്തിയ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമ പ്രവർത്തകരും പ്രശംസനീയമായ പങ്കാണ് വഹിച്ചത്. സാർത്ഥകമായ 5 വർഷം പൂർത്തീകരിച്ച പതിനഞ്ചാം കേരള നിയമസഭയ്ക്കുവേണ്ടി എല്ലാപേരോടുമുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ.

ജനാധിപത്യത്തിന്റെ സുന്ദരവും സുദൃഢവും സുതാര്യവും സർഗാത്മകവുമായ അധ്യായങ്ങൾ ഇനിയും കേരള നിയമസഭയിൽ തുറക്കപ്പെടും എന്നത് തർക്കമില്ലാത്ത കാര്യമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ സാർത്ഥകമാവട്ടെ.



# സാക്ഷാത്കരിക്കപ്പെട്ട പുനരധിവാസ, ഭവന പദ്ധതികൾ



**പിണറായി വിജയൻ**
മുഖ്യമന്ത്രി

ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടേണ്ട രണ്ടു ദിനങ്ങളാണ് കടന്നുപോയത്. ലൈഫ് മിഷൻ മുഖേന പത്തുവർഷത്തിനുള്ളിൽ അഞ്ചുലക്ഷം വീടുകൾ പൂർത്തീകരിച്ചെന്ന പ്രഖ്യാപനം. മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിൽ സർവവും നഷ്ടപ്പെട്ടവർക്കായി കൽപ്പറ്റയിൽ സർക്കാർ നിർമ്മിച്ച ടൗൺഷിപ്പിന്റെ ഉദ്ഘാടനം. ഇത് രണ്ടും കേവലമായ ചടങ്ങുകളല്ല, മനുഷ്യന്റെ അതിജീവനത്തെയും ജീവനോപാധികളെയും ഉറപ്പാക്കുന്ന സാമൂഹിക ഇടപെടലുകളുടെ സാക്ഷാത്കാരമാണ്.

സ്വന്തമായി ഒരു തുണ്ട് ഭൂമിയും അതിൽ സുരക്ഷിതമായ വീടും എന്നത് സാധാരണ മനുഷ്യന്റെ ഏറ്റവും വലിയ സ്വപ്നമാണ്. ആ സ്വപ്നം യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങളുടെ ഏകോപിതമായ രൂപം എന്ന നിലയിലാണ് 2017 ൽ സംസ്ഥാന സർക്കാർ ലൈഫ് മിഷൻ ആരംഭിച്ചത്. ഭവന നിർമ്മാണത്തെ ഒരു ക്ഷേമപദ്ധതിയായി മാത്രമല്ല, ഒരു അവകാശമായി കൈകാര്യം ചെയ്തു. അഞ്ച് ലക്ഷം വീടുകൾ എന്ന അഭിമാന സംഖ്യയിൽ നേട്ടം എത്തുമ്പോൾ എണ്ണപ്പെടുന്നത് ചുവരുകളും മേൽക്കൂരകളും അല്ല. ഇരുപതു ലക്ഷത്തിൽപരം മനുഷ്യരുടെ ജീവിതമാണ്.

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ മനുഷ്യന്റെ നിസ്സ

ഹായതയുടെ ആഴം കാണിച്ച ദുരന്തമായിരുന്നു. പ്രകൃതിയുടെ ഹിംസാത്മകതയിൽ എല്ലാം നഷ്ട പ്പെട്ടവരുടെ കണ്ണുനീർ നമ്മുടെ യാകെ വേദനയായി. ഇന്ന് കൽപ്പറ്റ പട്ടണത്തിന് സമീപം ഉയർന്ന ടൗൺഷിപ്പ് സാങ്കേതികമായി ഒരു കെട്ടിടസമുച്ചയം ആണെന്ന് വിശേഷിപ്പിക്കാമെങ്കിലും അത് 'ആരും ഒറ്റയ്ക്കല്ല' എന്ന സമൂഹ ത്തിന്റെ ഉറച്ച വാക്കാണ്. ദുരന്ത നിവാരണവും പുനരധിവാസവും വെറും അടിയന്തര സഹായമായി ഒതുങ്ങാതെ, മാന്യമായ ജീവിത ത്തിലേക്കുള്ള പൂർണ്ണ പുനഃപ്രവേ ശനമാകണം എന്ന തീരുമാന ത്തിന്റെ പ്രായോഗിക രൂപമാണ് അത്. കിടപ്പാടമില്ലാത്തവർക്ക് വീടും ദുരന്തബാധിതർക്ക് സുര ക്ഷിതമായ പുനരധിവാസവും സംസ്ഥാന സർക്കാരിന്റെ നേതൃ ത്വത്തിൽ യാഥാർഥ്യമാകുമ്പോൾ, പറഞ്ഞത് ചെയ്യും എന്ന വാക്കാണ് പാലിക്കപ്പെടുന്നത്. നാടിന്റെ വികസനം എന്നത് കൂട്ടിയും കിഴിച്ചും അവതരിപ്പി ക്കുന്ന കണക്കുകളല്ല; മറിച്ച് പിന്നിലായവരെ മുന്നിലാക്കുന്ന താണ് എന്ന തിരിച്ചറിവാണ് ഈ നേട്ടങ്ങളുടെ അടിസ്ഥാനം. ഇതിനെ ഭരണനേട്ടത്തിന്റെ ആഘോഷം മാത്രമായി കാണുന്ന തിന് പകരം മനുഷ്യ ജീവിത ത്തിന്റെ ഗൗരവവും മനുഷ്യത്വ ത്തിന്റെ പ്രാധാന്യവും സംരക്ഷി ക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി യുടെ തെളിവായി സർക്കാർ കാണുകയാണ്. നാടിന്റെ പല ഭാഗ ങ്ങളിലും ദുരന്തങ്ങൾ സംഭവിക്കാ റുണ്ട്; പുനരധിവാസ വാഗ്ദാന ങ്ങൾ ഉയരാറുണ്ട്. എന്നാൽ, വാഗ്ദാനങ്ങൾ യാഥാർഥ്യമായും വീടുകളായി, പുതുജീവിതങ്ങ ളായും മാറുന്ന ഇടപെടലുകൾ എളുപ്പം കണ്ടെത്താനാവില്ല. ആ അർഥത്തിൽ കേരളത്തിന്റെ ദുരന്ത നിവാരണ മാതൃകയും പൊതു വായ ക്ഷേമപ്രവർത്തനങ്ങളും രാജ്യത്തെ ഏറ്റവും തിളക്കമുള്ള താണ്.

**ലൈഫ് ഭവനപദ്ധതി**

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ. 2026 ഫെബ്രുവരി 21 വരെ 6,04,046 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു. സ്വതന്ത്രമായ വീടുകൾക്ക് പുറമെ ഭവന സമുച്ചയങ്ങളും പദ്ധതിയിൽ ഉൾപ്പെടുന്നു. നാല് ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഒരു ഭവനസമു ച്ചയം വിലയ്ക്ക് വാങ്ങി ഗുണ ഭോക്താക്കൾക്ക് കൈമാറി. പത്ത് ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമി ക്കുന്നു. ഇതിനുപുറമെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ, പാർട്ട്ണർഷിപ്പ്/ സ്പോൺസർഷിപ്പ് എന്നിവയി ലൂടെ 13 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ഭൂ രഹിത ഭവനരഹിതർക്ക് കൈ മാറിയിട്ടുണ്ട്. സർക്കാർ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പ യിന്റെ ഭാഗമായി 29.20 ഏക്കർ ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകി. ഇതിന്റെ ഭാഗമാകുന്നതിന് നിരവധി സംഘ ടനകളും സുമനസ്സുകളും സന്ന ദ്ധത പ്രകടിപ്പിച്ച് മുന്നോട്ടു വന്നിട്ടുമുണ്ട്.

വിവിധ പദ്ധതികൾ സംയോ ജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത് 'ലൈഫ്' നടപ്പിലാ ക്കുന്നത്. എല്ലാം ചേർത്ത് ഗുണ ഭോക്താക്കൾക്ക് 4 ലക്ഷം രൂപ യുടെ ആനുകൂല്യം ലഭിക്കുന്നു. സങ്കേതങ്ങളിലും ദുർഘട പ്രദേശ ങ്ങളിലും വസിക്കുന്ന പട്ടിക വർഗ കുടുംബങ്ങൾക്ക് 4 ലക്ഷത്തിന് പകരം 6 ലക്ഷം രൂപയാണ് ആനു കൂല്യം.

ലൈഫ് ഭവനപദ്ധതിക്കായി 2017–18 വർഷം മുതൽ 2026 ഫെബ്രുവരി വരെയുള്ള ആകെ ചെലവ് 20,831.60 കോടി രൂപ യാണ്. അതിൽ 2,488.90 കോടി രൂപയാണ് കേന്ദ്ര വിഹിതം. ബാക്കി 18,342.70 കോടി രൂപ സംസ്ഥാന വിഹിതമാണ്. പരിമിത മായി ലഭിക്കുന്ന പി എം എ വൈ ഗ്രാമീണ, നഗര പദ്ധതികളുടെ വിഹിതം, പി എം ജൻമൻ പദ്ധതി യിൽ നിന്നുള്ള 2.11 കോടി രൂപ എന്നിവ ഒഴിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ പദ്ധതി യാണിത്.

കേരളം ഇവിടെ വേറിട്ട് നിൽക്കുകയാണ്. ഇത്തരമൊരു സമ്പൂർണ്ണ പാർപ്പിട-സുരക്ഷാ പദ്ധതി രാജ്യത്തിന്റെ മറ്റൊരു ഭാഗത്തും ഇല്ല. ഉള്ള ചില പദ്ധതി കൾ ഇതുപോലെ ലക്ഷ്യത്തിലെ ത്തുന്നുമില്ല.

വയനാട് ജില്ലയിലെ മുണ്ടക്കൈ - ചൂരൽമല മേഖല യിൽ ഉണ്ടായ ഉരുൾപൊട്ടൽ ലോക മനസ്സാക്ഷിയെ ഞെട്ടിച്ച ദുരന്തമായിരുന്നു. അനവധി ജീവനുകളും സ്വപ്നങ്ങളും നഷ്ടപ്പെട്ട ആ ദുരന്തം സംഭവിച്ച ദിനം മുതൽ തന്നെ സർക്കാർ സാധ്യമായ എല്ലാ ഊർജ്ജവും വിനിയോഗിച്ചു. വിവിധ രക്ഷാ പ്രവർത്തന ഏജൻസികൾ, സന്നദ്ധസംഘടനകൾ, ജനങ്ങളുടെ നിസ്സീമമായ സഹകരണം ഇവ യെല്ലാം ചേർന്നാണ് ആദ്യഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പൂർത്തീകരിച്ചത്. അതിനു പിന്നാലെ, പുനരധി വാസം എന്ന ദൗത്യം സർക്കാർ ഏറ്റെടുത്തു. ദുരന്തബാധിതർക്ക് സുരക്ഷിതവും മാന്യവുമായ ജീവിതം ഉറപ്പാക്കുക എന്ന ലക്ഷ്യ ത്തോടെ കൽപ്പറ്റയിലെ എൽസ്റ്റൺ എസ്റ്റേറ്റിൽ മാതൃകാ ടൗൺഷിപ്പ് പടുത്തുയർത്തുകയാണ്. 2025 മാർച്ച് 27 ന് തറക്കല്ലിട്ട ഈ ടൗൺ ഷിപ്പിന്റെ ആദ്യഘട്ട ഉദ്ഘാടനം 2026 മാർച്ച് ഒന്നിന് നടന്നു. 64.47 ഹെക്ടർ ഭൂമിയിൽ ഉയർന്നുവരുന്ന ഈ ടൗൺഷിപ്പിൽ ആകെ 410 വീടുകളാണ് നിർമ്മിക്കുന്നത്. ഇതിൽ 178 വീടുകൾ പൂർത്തി യായി. 410 വീടുകളുടെയും പണി തീരുന്നതോടെ 1662 ലധികം ആളു കൾക്ക് സുരക്ഷിത കിടപ്പാടം ലഭ്യ മാകും. എന്നാൽ ഇത് വെറും വീടുകളുടെ സമുച്ചയം മാത്രമല്ല. പൊതുറോഡുകൾ, ആരോഗ്യ കേന്ദ്രം, അങ്കണവാടി, പൊതു മാർക്കറ്റ്, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ ങ്ങളോടുകൂടിയ സമഗ്ര പാർപ്പിട



പദ്ധതിയാണ്. വയനാടിന്റെ ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും പ്രത്യേകതകൾ പരിഗണിച്ചാണ് നിർമ്മാണം നടക്കുന്നത്. കൂടാതെ, ഇവിടെ പണിയുന്ന വീടുകൾ ചെറിയ ഭൂകമ്പങ്ങളെ പ്രതിരോധിക്കുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പുനരധിവാസ പ്രവർത്തനം വീടുകൾ നിർമ്മിച്ച് നൽകുന്നതിൽ ഒതുങ്ങുന്നതല്ലെന്ന് സർക്കാർ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ദുരന്തത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് ഉറപ്പാക്കി. കടമുറികൾ നഷ്ടപ്പെട്ടവർക്ക് 7 ലക്ഷം രൂപ വീതവും ഒന്നിൽ കൂടുതൽ കടമുറികൾ നഷ്ടമായാൽ അധികമുള്ള ഓരോ മുറിക്കും 2.5 ലക്ഷം രൂപ വീതവും അനുവദിക്കുന്നു. സംരംഭകർക്ക് ഉണ്ടായ നഷ്ടത്തിന്റെ 50 ശതമാനം വരെ നഷ്ടപരിഹാരം നൽകും. മാനുഫാക്ചറിംഗ് മേഖലയിൽ പരമാവധി 20 ലക്ഷം രൂപ, സർവീസ് മേഖലയിലാണെങ്കിൽ 10 ലക്ഷം രൂപ, ട്രേഡ് മേഖലയിലാണെങ്കിൽ 7 ലക്ഷം രൂപ എന്നിങ്ങനെയാണ് പരിധി നിശ്ചയിച്ചിരിക്കുന്നത്. ഈ തുക മുഴുവനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് അനുവദിക്കുന്നത്.

ദുരന്തബാധിതരുടെ കടബാധ്യതയും സർക്കാർ ഏറ്റെടുത്തു. 155 കുടുംബങ്ങളുടെ 1620 വായ്പകൾ ഏറ്റെടുത്തു. ഇതിന് ഏകദേശം 18.75 കോടി രൂപ ചെലവായി. കേന്ദ്രസർക്കാർ കടബാധ്യത എഴുതി തള്ളാൻ കഴിയില്ലെന്ന നിലപാട് എടുത്തപ്പോഴും സംസ്ഥാന സർക്കാർ നിസ്സംഗമായി നിന്നില്ല. കേരള ബാങ്ക് നേരത്തെ തന്നെ വായ്പകൾ എഴുതി തള്ളിയിരുന്നു. അതിന് പുറമെയുള്ള കടങ്ങൾ തീർക്കാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് തുക കണ്ടെത്തിയത്.

വീട് നഷ്ടപ്പെട്ടവർക്ക് വാടകവീട്ടിൽ കഴിയാൻ ഇതുവരെ 6 കോടി 16 ലക്ഷത്തിൽപരം രൂപ നൽകിയിട്ടുണ്ട്. ജീവകാരുണ്യ സഹായമായി ഒരാൾക്ക് 300 രൂപ വീതം 1184 പേർക്ക് വിതരണം തുടരുന്നു; ഇതിനായി ഇതിനകം 17.7 കോടി രൂപ ചെലവായി. ദുരന്തത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് 13 കോടിയിൽപരം രൂപ നഷ്ടപരിഹാരമായി നൽകി. മാതാപിതാക്കൾ നഷ്ടപ്പെട്ട 21 കുട്ടികൾക്ക് 10 ലക്ഷം രൂപ വീതം ഡെപ്പോസിറ്റായി അനുവദിച്ചു. 958 പേർക്ക് ഇപ്പോഴും ഭക്ഷണ കൂപ്പണുകൾ നൽകുന്നു. സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിൽ വീട് വേണ്ടെന്ന് പറഞ്ഞ 14 കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി നൽകി.

വിവിധ സർക്കാർ വകുപ്പുകളും സർക്കാർ ഇതര ഏജൻസികളും തൊഴിലാളികളും ചേർന്ന ഏകോപിതമായ പ്രവർത്തനഫലമാണ് മാതൃകാ ടൗൺഷിപ്പ്. ദുരന്തം സംഭവിച്ച് ഒന്നര വർഷത്തിനുള്ളിൽ ഇത്രയും വലിയ പുനർനിർമ്മാണ ദൗത്യം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് കൂട്ടായ്മയുടെ വിജയമാണ്. ദുരന്തങ്ങളെ അതിജീവിച്ച് മുന്നേറുന്ന ഒരു സമൂഹത്തിന്റെ കരുത്തിനും ജനപക്ഷ സർക്കാരിന്റെ പ്രതിബദ്ധതയ്ക്കും തെളിവായി ഈ പദ്ധതി നിലകൊള്ളുന്നു.

ഒരു സർക്കാർ എന്തിനാണ് നിലനിൽക്കുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരം ഈ രണ്ട് നേട്ടങ്ങളിലും കാണാം. ഒരു കുടുംബത്തിന് സ്വന്തമായി ഒരു വീട് ലഭിക്കുമ്പോൾ മതിലുകളും മേൽക്കൂരയും മാത്രമല്ല; കിട്ടുന്നത്- സുരക്ഷയും മാന്യതയും ആത്മവിശ്വാസവുമാണ്. ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട ഒരു സമൂഹത്തെ വീണ്ടും ഉയർത്തി നിർത്തുമ്പോൾ, അതിനെ കേവലമായ കരുണയായല്ല സാമൂഹിക ഉത്തരവാദിത്വത്തിന്റെ നിർവഹണമായാണ് സർക്കാർ കാണുന്നത്.

സാമ്പത്തിക പ്രയാസങ്ങളും വിമർശനങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടും, 'ചെയ്യാം' എന്ന് പറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കാനായ അഭിമാനമാണ് സർക്കാരിനുള്ളത്. ഒരു വീട് കൈമാറുമ്പോൾ, ഒരു കുടുംബത്തിന്റെ ഭാവി കൂടി കൈമാറുകയാണ്. ഒരു ടൗൺഷിപ്പ് പണിയുമ്പോൾ, ഒരു സമൂഹത്തിന്റെ ആത്മവിശ്വാസം പുനഃസ്ഥാപിക്കുകയാണ്. ഇങ്ങനെ ഭരണത്തിന്റെ അർത്ഥം മാറ്റിയ കാലഘട്ടമാണ്, കഴിഞ്ഞ ഒരു ദശാബ്ദക്കാലം.

കൽപ്പറ്റ ടൗൺഷിപ്പ് ഉദ്ഘാടന ഘട്ടത്തിൽ ആ ദുരന്തത്തെ നമ്മുടെ നാട് എങ്ങനെ നേരിട്ടു എന്നു കൂടി ഓർക്കേണ്ടതുണ്ട്. മഹാദുരന്തത്തിന്റെ ആദ്യ നാളുകളിൽ തന്നെ കേരളം ഒറ്റക്കെട്ടായി ഉയർന്നുനിന്നു. മന്ത്രിമാർ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, സേനാസംവിധാനങ്ങൾ, സന്നദ്ധപ്രവർത്തകർ, ശുചീകരണ തൊഴിലാളികൾ തുടങ്ങി നാനാമേഖലകളിൽ നിന്നുള്ളവർ ജീവൻ പണയം വച്ച് രക്ഷാപ്രവർത്തനത്തിൽ പങ്കുചേർന്നത് നമ്മുടെ നാടിന്റെ കൂട്ടായ്മയുടെ ഉജ്ജ്വലമായ ഉദാഹരണമാണ്.

ആ ഘട്ടത്തിൽ തന്നെ, ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവരെ ലോകോത്തര നിലവാരത്തിൽ പുനരധിവസിപ്പിക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നു. ഇന്ന്, ആ വാഗ്ദാനം യാഥാർത്ഥ്യത്തിലേക്ക് മാറുന്ന കാഴ്ചയാണ് നാം കാണുന്നത്.





# ആരോഗ്യ പരിപാലനവും ഇൻഷ്വറൻസ് പരിരക്ഷയും

**വി.ഡി. സതീശൻ**
പ്രതിപക്ഷനേതാവ്

ആരോഗ്യരംഗത്ത് കേരളം ഇന്ത്യക്ക് മാതൃകയാണ് എന്ന് പറയുമ്പോൾതന്നെ ഈ മേഖലയിൽ കാലാനുസൃതമായി ഇടപെടാനും പൂർണ്ണതോതിൽ ഈ മേഖലയെ ആരോഗ്യകരമായി നിലനിർത്താനും ഇപ്പോൾ കഴിയുന്നില്ല എന്ന യാഥാർഥ്യം നമ്മുടെ മുന്നിൽ ഉണ്ട്. അതിന്റെ മുഖ്യ കാരണങ്ങളിൽ ഒന്ന് ആരോഗ്യ സേവനത്തിന്റെ 75 ശതമാനവും നിർവഹിക്കപ്പെടുന്നത് സ്വകാര്യ മേഖലയിലൂടെയാണ് എന്നതാണ്. പൊതുജനാരോഗ്യം മെച്ചപ്പെട്ട നിലയിൽ തുടരണമെങ്കിൽ പൊതുആരോഗ്യസംവിധാനവും സ്വകാര്യ മേഖലയിലെ ആരോഗ്യ സംവിധാനങ്ങളും കൃത്യമായ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. വ്യക്തമായ ലാഭക്കണ്ണോടു കൂടി ദേശീയ അന്തർദേശീയ കുത്തകകൾ ഈ മേഖലയും കീഴടക്കിക്കൊണ്ടിരിക്കുന്നു എന്നത് ആശങ്ക ഉണർത്തുന്ന കാര്യമാണ്. ഗുണമേന്മയുള്ള മരുന്നുകൾ, സൂക്ഷ്മമായ ക്ലിനിക്കൽ, ലബോറട്ടറി സംവിധാനങ്ങൾ, മെച്ചപ്പെട്ട ആശുപത്രി സേവനം, മിതമായ ആരോഗ്യപരിപാലന ചെലവ് എന്നിവയെല്ലാം ഏകതാന സ്വഭാവത്തിൽ നിലനിർത്തണം. ആരോഗ്യ മേഖലയെ സംബന്ധിച്ച മറ്റൊരു പ്രധാന വിഷയം രാജ്യത്തെ ഏറ്റവും അധികം 'ഔട്ട് ഓഫ് പോക്കറ്റ് ചെലവ്' ഉള്ള സംസ്ഥാനം കേരളമാണ്. ഇതും ഒരു കേരള മോഡൽ ആണ് എന്ന സാഹചര്യം മാറ്റിയെടുക്കേണ്ടതാണ്.

1947 ൽ സ്വാതന്ത്ര്യം ലഭിച്ച ഇന്ത്യയിൽ ഇപ്പോഴും ആരോഗ്യ പരിപാലന രംഗത്ത് ചെലവഴിക്കുന്ന തുക ജി.ഡി.പിയുടെ കേവലം രണ്ട് ശതമാനമാണ് എന്നത് കേന്ദ്രസർക്കാരിന്റെ ഈ മേഖലയോടുള്ള സമീപനം വെളിപ്പെടുത്തുന്ന വസ്തുതയാണ്. ആരോഗ്യസംരക്ഷണത്തിന് നാമമാത്രമായ തുക ബജറ്റിൽ വകയിരുത്തുന്നതുമൂലം ജനങ്ങളുടെ ചികിത്സാചെലവ് കുതിച്ചുയരുന്ന നിലയാണ് ഉള്ളത്. ക്യാൻസർ, ഹൃദ്രോഗം, സ്ട്രോക്ക്, വൃക്ക

രോഗം എന്നിവ ബാധിച്ചാൽ മിക്ക വാറും രോഗികളും കുടുംബവും നിത്യദാരിദ്ര്യത്തിലേക്ക് എത്തപ്പെടുന്ന അവസ്ഥയാണുള്ളത്.

ഇതുകൂടാതെ ആശുപത്രിയിൽ കൃത്യമായ സ്റ്റാഫ് പാറ്റേൺ പാലിക്കപ്പെടുന്നില്ല. 1961 ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് ഇപ്പോഴും കേരളത്തിലെ ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നത്. രോഗികളുടെ എണ്ണത്തിനനുസരിച്ച അനുപാതത്തിൽ ജീവനക്കാർ സേവന രംഗത്ത് ഇല്ലെന്നുള്ള വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. പലപ്പോഴും ആശുപത്രികൾ സംഘർഷ ഭൂമി ആകാനുള്ള കാരണങ്ങളിൽ ഒന്നിതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സകൾക്ക് വലിയ പരിഗണന നൽകുന്നു എന്ന് പറയുമ്പോഴും അത് പ്രാവർത്തികമാക്കാൻ വളരെയേറെ പരിമിതിയുണ്ട്. സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ട മറ്റൊരു ചികിത്സാ മേഖലയാണ് geriatric മേഖല. കേരളത്തെ സംബന്ധിച്ചിടത്തോളം വയോജനങ്ങളുടെ ആരോഗ്യവും പരിചരണവുമായി ബന്ധപ്പെട്ട ഈ മേഖല വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. 2026 ൽ ഏകദേശം 18.7 ശതമാനം ജനങ്ങൾ 60 വയസ്സിന് മുകളിലുള്ളവർ ആയിരിക്കും. ഇങ്ങനെ കൃത്യമായ ചികിത്സ ലഭിക്കേണ്ട വിഭാഗങ്ങൾക്കെല്ലാം ആരോഗ്യപരിപാലനത്തിന് ഊന്നൽ നൽകേണ്ടത് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്. ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന് നാം എപ്പോഴും പറയുന്ന കാര്യമാണ്.

സർക്കാരിന്റെ പൊതുജനാരോഗ്യകേന്ദ്രങ്ങൾ ആയ മെഡിക്കൽ കോളേജുകൾ മുതൽ പബ്ലിക് ഹെൽത്ത് സെന്ററുകൾ വരെയുള്ള സ്ഥാപനങ്ങളിൽ രോഗികളുടെ ആധിക്യംമൂലം ഗുരുതര രോഗികൾക്ക് പോലും മതിയായ ചികിത്സ കിട്ടുന്നില്ല. സ്വകാര്യ മേഖലയിലെ ആശുപത്രികൾ സാധാരണക്കാർക്ക് അപ്രാപ്യവുമാണ്. ഇതിന്റെയൊക്കെ ഫലമായുള്ള ദുരന്തങ്ങൾ നിത്യേന കണ്ടും കേട്ടും ബന്ധപ്പെട്ടവർ പോലും നിസംഗരായി കഴിഞ്ഞിരിക്കുന്നു.

പൗരന്റെ ആരോഗ്യം പ്രതിപാദിച്ചിരിക്കുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. 'Right to health is an integral part of right to life and personal liberty under article 21.' ഒരാളിന് ആരോഗ്യത്തോടെയും അന്തസ്സോടെയും ജീവിക്കാനുള്ള വൈദ്യസേവനം ലഭിക്കുക എന്നുള്ളത് മൗലികാവകാശമാണ്. ഇത് ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഉണ്ട്.

ആരോഗ്യ പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന വിഹിതങ്ങൾക്കൊപ്പം ദേശീയ-അന്തർദേശീയ ഏജൻസികളും സ്വകാര്യസ്ഥാപനങ്ങളും ഒക്കെ വിവിധതരം സംഭാവനകൾ നൽകുന്നുണ്ടെങ്കിലും അവ ആരോഗ്യ സംരക്ഷണത്തിന് മതിയാകാതെ വരുന്നുണ്ട്. ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ പ്രാധാന്യവും സ്ഥാനവും നാം തിരിച്ചറിയുന്നത് ഈ സാഹചര്യത്തിലാണ്. പ്രതീക്ഷിതമോ അപ്രതീക്ഷിതമോ ആയ രോഗാവസ്ഥയിലും നമുക്കൊരു രക്ഷാകവചമായി മാറേണ്ടതാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി. വ്യക്തിയുടെ സാമ്പത്തിക സ്ഥിരതയെ ബാധിക്കാതെ രോഗാവസ്ഥയെ അതിജീവിക്കാനുള്ള പദ്ധതിയാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി. കേരള സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ കാരുണ്യ സുരക്ഷാ പദ്ധതി (KASP) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 40 ശതമാനം ജനങ്ങൾക്ക് 5 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി രൂപീകരിച്ചതാണ്. കൂടാതെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് എന്ന ഇൻഷുറൻസ് പദ്ധതിയും നിലവിലുണ്ട്.

കേട്ടുകേൾവിയില്ലാത്ത പലതരം മാരക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും നമ്മെ ബാധിക്കുമ്പോൾ എല്ലാവർക്കും പൂർണ്ണ തോതിൽ മെഡിക്കൽ സൗകര്യം ലഭ്യമാക്കുന്നതിനായി നൂതനമായ ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ആരോഗ്യ ഇൻഷുറൻസ് മേഖലയിൽ നടപ്പിലാക്കുന്ന സ്കീമുകൾ സംബന്ധിച്ച് ഞങ്ങൾ പഠനം നടത്തി. രാജസ്ഥാനിൽ അശോക് ഗെലോട്ട് മുഖ്യമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച 'ചിരഞ്ജീവി സ്വാസ്ഥ്യ ബീമ യോജന' ഒരു കുടുംബത്തിന് പരമാവധി 25 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഹോസ്പിറ്റലിൽ കിടത്തിയുള്ള ചികിത്സ, ടെസ്റ്റുകൾ, മരുന്നിന്റെ വില എന്നിവ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. കൂടാതെ അപകടങ്ങൾക്കും അംഗവൈകല്യം സംഭവിക്കുന്നതിനും പരമാവധി 10 ലക്ഷം രൂപ വരെ നൽകുന്നത് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അധിക ആനുകൂല്യമാണ്. ഇതിന്റെ രജിസ്ട്രേഷൻ നടപടികൾ ആധാർ കാർഡ്മൂലം നടത്തുന്ന രീതിയാണ് അവിടെ അവലംബിച്ചിട്ടുള്ളത്.

കേരളത്തിലെ ചികിത്സാ ചെലവ് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായതിനാൽ രാജസ്ഥാൻ മാതൃകയിൽ ഓരോ കുടുംബത്തിനും 25 ലക്ഷം രൂപ വരെ ചികിത്സാ ചെലവ് ലഭ്യമാക്കാൻ കഴിയുന്ന മെഡിക്കൽ ഇൻഷുറൻസ് പദ്ധതി കേരളത്തിന് അഭികാമ്യമായിരിക്കുമെന്ന് മനസ്സിലാക്കുന്നു. കൃത്യമായ ആസൂത്രണത്തോടുകൂടി നടപ്പാക്കിയാൽ വലിയ സാമ്പത്തിക മുതൽമുടക്ക് കൂടാതെ കേരളത്തിലെ സമസ്ത വിഭാഗം ജനങ്ങൾക്കും പൂർണ്ണ തോതിൽ ആരോഗ്യ പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി സഹായകരമായിരിക്കുമെന്നത് ഉറപ്പാണ്.



# കേരളത്തിലെ ഭൂഭരണം സ്മാർട്ട്................



**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

"നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ'' എന്ന ഉണർത്തുപാട്ട് ഇവിടത്തെ ഭൂവുടമാ ബന്ധത്തെ ശക്തമായി സ്വാധീനിച്ച ഈരടികളായിരുന്നു. സാമൂഹിക വിപ്ലവത്തോടൊപ്പം സ്ഥിതിസമത്വത്തിന്റെ കാഹളം മുഴക്കി മുന്നേറിയ കമ്യൂണിസ്റ്റ് പാർട്ടി 1957 ൽ കേരളത്തിൽ അധികാരത്തിലെത്തിയപ്പോൾ കാർഷികബന്ധ നിയമം നടപ്പാക്കാൻ ശ്രമിച്ചതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ഒന്നാമത്തെ കേരള സർക്കാരിന്റെ ഒന്നാമത്തെ നിയമനിർമ്മാണം 'സ്റ്റേ ഓഫ് എവിക്ഷൻ പ്രൊസീഡിങ്സ് ആക്റ്റ് 1957' (ആക്റ്റ് 1 ഓഫ് 1957) ആയിരുന്നു. അതിനുശേഷമാണ് 1959 ജൂൺ 10 ന് നിയമസഭ പാസാക്കിയ 'കേരള അഗ്രേറിയൻ റിലേഷൻസ് നിയമം' ഉടലെടുക്കുന്നത്. ഈ നിയമത്തിന് 1961 ജനുവരിയിൽ രാഷ്ട്രപതിയുടെ അന്തിമാനുമതി ലഭിച്ചെങ്കിലും ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഇടപെടൽ കാരണം നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല.

ഈ സാഹചര്യത്തിലാണ് 1963 ലെ കേരള ലാൻഡ് റിഫോംസ് ആക്റ്റ് (1964 ലെ 1ാമത് നിയമം) കേരള നിയമസഭ പാസാക്കുന്നത്. പരിമിതികളേറെയുണ്ടെങ്കിലും ഈ നിയമം

നടപ്പാക്കുന്നതിന് അന്നത്തെ സർക്കാർ ഇച്ഛാശക്തി പ്രകടിപ്പിച്ചില്ല. പിന്നീട് 1967 ൽ കേരളത്തിൽ സപ്തകക്ഷി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഈ നിയമത്തിലെ പല വ്യവസ്ഥകളും യഥാർഥ കർഷകർക്കും കുടികിടപ്പുകാർക്കും ഗുണകരമല്ലെന്നു മനസ്സിലാക്കി 1969 ലെ 35ാമത് നിയമമായി ഒരു ഭേദഗതിനിയമം കൊണ്ടുവന്നു. ഈ ഭേദഗതി നിയമത്തിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതിനു മുമ്പു തന്നെ 1967 ൽ രൂപവത്കൃതമായ സപ്തകക്ഷി സർക്കാർ തകരുകയും മുഖ്യമന്ത്രി ഇ.എം.എസ്. 1969 ഒക്ടോബർ 24ന് രാജിവയ്ക്കുകയും ചെയ്തു. ഏറെ വിപ്ലവകരമായ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിച്ച ഭേദഗതി നിയമവും നടപ്പാക്കാൻ കഴിയാതെ പോയി.

1969 നവംബർ ഒന്നിന് സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള 'ഐക്യമുന്നണി' സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നു. അച്യുതമേനോൻ എന്ന മുഖ്യമന്ത്രിക്ക് ഇതൊരു ചരിത്ര നിയോഗമായിരുന്നു. മുഖ്യമന്ത്രിയുടെ ശ്രമഫലമായി 1969 ഡിസംബർ 16 ന് '69ലെ 35 ാം ഭേദഗതി നിയമത്തിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചു. 1970 ജനുവരി ഒന്നിന് കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽവന്നു. 'ഫ്യൂഡലിസം' അഥവാ ജന്മിത്തം കേരളത്തിൽനിന്ന് തുടച്ചുനീക്കിക്കൊണ്ടുള്ള നിയമ നിർമ്മാണത്തോടൊപ്പം കേരള ലാൻഡ് റിഫോംസ് (ടെനൻസി) റൂൾസ് 1970, കേരള ലാൻഡ് റിഫോംസ് (സീലിങ്) റൂൾസ് 1970, കേരള ലാൻഡ് റിഫോംസ് (വെസ്റ്റിങ് ആൻഡ് അസൈൻമെന്റ്) റൂൾസ് 1970 എന്നീ അനുബന്ധ ചട്ടങ്ങളും നടപ്പാക്കി. കേരളമാകെ പട്ടയമേളകൾ സംഘടിപ്പിച്ചുകൊണ്ട് ലക്ഷക്കണക്കിന് കുടികിടപ്പുകാർക്കും കുടിയിരിപ്പുകർഷകർക്കും കൈവശ കൃഷിക്കാർക്കും ഭൂമിയുടെ ഉടമസ്ഥാവകാശ രേഖയായ പട്ടയവിതരണം നടത്തി.

ഇന്ത്യാ മഹാരാജ്യത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 1.18 ശതമാനം- ഏകദേശം 38863 ചതുരശ്രകിലോമീറ്റർ സ്ഥലം - മാത്രം ഉൾക്കൊള്ളുന്ന കേരളത്തിൽ 3.61 കോടി ജനങ്ങൾ അധിവസിക്കുന്നു. 1000 ചതുരശ്ര കിലോമീറ്റർ ജലാശയങ്ങളും 11309 ചതുരശ്രകിലോമീറ്റർ വനഭൂമിയും 1606 ചതുരശ്ര കിലോമീറ്റർ തണ്ണീർതടങ്ങളും ഉൾക്കൊള്ളുന്ന സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഭൂരൂപങ്ങളുമുള്ള കേരളത്തിന്റെ ഭൂസംരക്ഷണവും ഭൂവിനിയോഗവും ഏറ്റവും സൂക്ഷ്മതയോടും ശ്രദ്ധയോടും നടപ്പിലാക്കേണ്ട സാഹചര്യമാണുള്ളത്. ഓരോ തുണ്ട് ഭൂമിക്കും പ്രത്യേക സ്വഭാവ സവിശേഷതകളാണുള്ളത്. ഭൂമിയും ഭൂരൂപങ്ങളും കാലാവസ്ഥയും ജൈവവൈവിധ്യവും ആവാസവ്യവസ്ഥയും പരസ്പരം മറ്റെങ്ങും കാണാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിയുടെ തെറ്റായരീതിയിലുള്ള വിനിയോഗവും രൂപ മാറ്റവും വലിയ രീതിയിലുള്ള പ്രകൃതി ദുരന്തങ്ങൾക്കും വന്യജീവി ആക്രമണങ്ങൾ പോലെയുള്ള സാഹചര്യങ്ങൾക്കും കാരണമാകും. ഭൂമി സംബന്ധമായ നിയമങ്ങൾ കർശനമായി പാലിക്കപ്പെട്ടുകൊണ്ട് അവയുടെ അടിസ്ഥാനത്തിലുള്ള ഭൂഭരണവും ഭൂസംരക്ഷണവും ഏറ്റവും വെല്ലുവിളികൾ നേരിടുന്ന സാഹചര്യം നേരിടേണ്ടതാണ്.

ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും മനുഷ്യപുരോഗതിക്കായി പരിവർത്തിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിന്റെ റവന്യൂ ഭരണത്തെ ആധുനികവൽക്കരിച്ചു. സാധാരണ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ ഏറ്റവും ആശ്രയിക്കപ്പെടുന്ന റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നടപ്പിലാക്കിയ കാലോചിതമായ പരിഷ്കരണങ്ങൾ ഓരോ പൗരനും ആവശ്യപ്പെടുന്ന സർക്കാർ സേവനങ്ങൾ കാലതാമസം ഇല്ലാതെ, ഓഫീസുകൾ കയറിയിറങ്ങാതെ, പിഴവുകൾ കൂടാതെ ലഭിക്കുന്നതിന് സാധ്യമാക്കി.'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും വ്യക്തിസംബന്ധവുമായ വിവരങ്ങൾ ലഭ്യമാക്കുന്ന വിധത്തിൽ സ്മാർട്ട് ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ സംവിധാനം നടപ്പിലാക്കി. റവന്യൂ അധികാരികൾ വഴി നൽകി വരുന്ന 23 വിവിധ സാക്ഷ്യപത്രങ്ങളിൽ ഉൾപ്പെടുന്ന ഏതൊരു വിവരവും ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് റവന്യൂ കാർഡ് വിഭാവനം ചെയ്തിട്ടുള്ളത്.

ഭൂരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ 4,10,954 പട്ടയങ്ങൾ വിതരണം ചെയ്തു. വില്ലേജ് തലം മുതൽ സംസ്ഥാന തലം വരെ പട്ടയ സംബന്ധമായ വിഷയങ്ങൾ നടപ്പിലാക്കുന്നതിന് ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന പട്ടയ മിഷൻ രൂപീകരിച്ചു. സംസ്ഥാനത്ത് വിവിധ ഭൂനിയമങ്ങൾ പ്രകാരം ലഭിച്ച പട്ടയത്തിന്റെ അസൽ നഷ്ടപ്പെട്ടവർക്ക് നിജസ്ഥിതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തു. 2004 ഡിസംബർ 24 ാം തീയതി ഏഷ്യൻ രാജ്യങ്ങളെ തീരാദുഃഖത്തിലാഴ്ത്തിക്കൊണ്ട് വലിയ നാശം വിതച്ച സുനാമി തിരകളിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് അനുവദിച്ച ഫ്ളാറ്റുകളുടെ കൈവശക്കാർക്ക് ആനുപാതിക ഭൂമിക്ക് പട്ടയം അനുവദിച്ചു. വർഷങ്ങളായി വിവിധ കാരണങ്ങളാൽ കൈവശ ഭൂമിക്ക് അവകാശ രേഖ ലഭിക്കാത്ത സാഹചര്യമുള്ള ഭൂവുടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ കൃത്യമായ ഇടപെടൽ സാധ്യമാക്കി. കേരളം രൂപം കൊണ്ട് 10 വർഷത്തിനുശേഷം ആരംഭിച്ച റീസർവ്വേ നടപടികൾ 60 വർഷത്തിനു ശേഷവും പൂർത്തീകരിക്കുന്നതിന് കഴിഞ്ഞില്ല. 2022ൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ 2026 ൽ പൂർത്തീകരിക്കുന്നതിനും

സർവ്വേ രജിസ്ട്രേഷൻ - റവന്യൂ വകുപ്പുകളുടെ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ചുകൊണ്ട് ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫോർമേഷൻ ആൻഡ് മോണിറ്ററിംഗ് സിസ്റ്റം നിലവിൽ വരുന്നതോടെ ആധാര രജിസ്ട്രേഷനോടൊപ്പം തന്നെ പേരിൽ കൂട്ടി കരമൊടുക്കിക്കൊടുക്കുന്നതിനും കഴിയും. ഈ പരിഷ്കരണങ്ങളിലൂടെ ഭൂമി സംബന്ധമായ വ്യവഹാരങ്ങൾ ഇല്ലാത്ത സംസ്ഥാനമായി കേരളം മാറും എന്നതിൽ സംശയമില്ല. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഡിജിറ്റൽ റീസർവ്വേയുടെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിൽ എത്തിക്കൊണ്ടിരിക്കുന്നു.

റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി നവമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തി റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം 2023 ഫെബ്രുവരി 24 ന് ആരംഭിച്ചു. റവന്യൂ വകുപ്പിന്റെ പൊതുജന സേവനങ്ങളും പ്രവർത്തനങ്ങളും നടപടിക്രമങ്ങളും വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും യഥേഷ്ടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിച്ചു വരുന്നു. മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങൾ ഒട്ടാകെ ഡിജിറ്റൽ മാർഗേന നടന്നു വരുന്ന അവസരത്തിൽ റവന്യൂ വകുപ്പിനെ ഒന്നാകെ തന്നെ ഡിജിറ്റൈസ് ചെയ്ത് സേവനങ്ങൾ ഏതൊരാൾക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നു. വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളും നിയമഭേദഗതികളും ചട്ടങ്ങളും എല്ലാവിധ സേവനങ്ങളും സാധാരണക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ യൂട്യൂബ് ചാനൽ, ഫേസ് ബുക്ക് പേജ്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം പേജ് എന്നീ നവ മാധ്യമങ്ങളിലൂടെ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖേന പ്രദർശിപ്പിച്ചു വരുന്നു.

റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങൾ സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് അനായാസമായി സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ലഭിക്കുന്നതിന് പ്രാപ്തരാക്കുംവിധം റവന്യൂ ഇ-സാക്ഷരത പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. സാധാരണക്കാരായ ആളുകൾക്ക് അവരുടെ ഭൂമിയുടെ കരം ഓൺലൈനായി അടയ്ക്കുവാനും വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷ ഓൺലൈനായി തന്നെ സമർപ്പിക്കുവാനും ആയതിന്റെ തൽസ്ഥിതി പരിശോധിക്കുന്നതുൾപ്പെടെ എല്ലാ ഓൺലൈൻ സേവനങ്ങളും മറ്റൊരാളുടെ ആശ്രയമില്ലാതെ തന്നെ പ്രയോജനപ്പെടുത്തുവാൻ കേരളീയരെ പ്രാപ്തമാക്കി.

ഭൂരേഖകളിലെ സങ്കീർണ്ണതകളും അതുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളും പൊതു ആവശ്യങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പോലും വളരെ ബുദ്ധിമുട്ടാകുന്ന തരത്തിൽ നിലനിന്നിരുന്നു. ഈ സങ്കീർണ്ണതകൾ ഒഴിവാക്കി വികസന പ്രവർത്തനങ്ങളെ വേഗത്തിലാക്കുന്നതിന് കഴിയും വിധം ഭൂരേഖകളെ ലളിതവൽക്കരിക്കുന്നതിനും റവന്യൂ സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ സഹകരണത്തോടെ ഭൂഭരണ സംവിധാനത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരുന്നതിനും സാധിച്ചു. സാധാരണ ജനങ്ങളെ ഭൂവുടമകളാക്കിയ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ കേരളത്തിന്റെ ഒന്നാം മന്ത്രിസഭയുടെ തീരുമാനങ്ങളുടെ തുടർച്ചയായി റവന്യൂ നിയമങ്ങളിലും ചട്ടങ്ങളിലുമുള്ള സങ്കീർണ്ണതകളെ ഒഴിവാക്കി അവയെക്കുറിച്ച് എല്ലാ പൗരന്മാർക്കും അറിവുകൾ പകർന്നുകൊണ്ടും നടപ്പിലാക്കുന്ന പരിഷ്കരണങ്ങൾ ഇനിയും മുന്നോട്ടു തന്നെ പോകേണ്ടിയിരിക്കുന്നു.



# ആശ്രയ മൊബൈൽ ആപ്പ് പ്രകാശനം

കോടിയേരി ബാലകൃഷ്ണൻ മെമ്മോറിയൽ ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ ആശ്രയ മൊബൈൽ ആപ്പിന്റെ പ്രകാശനം കൊച്ചിയിൽ ചലച്ചിത്രതാരം മമ്മൂട്ടി നിർവഹിച്ചു. ആശ്രയയുടെ കാരുണ്യപ്രവർത്തനങ്ങളിൽ പൂർണ്ണമായ സുതാര്യത ഉറപ്പാക്കാനും പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ഭാഗഭാക്കാകാനും സഹായങ്ങൾ എത്തിക്കാനും ആശ്രയ ആപ്പ് സഹായകമാണെന്ന് ചടങ്ങിൽ പങ്കെടുത്ത നിയമസഭാ സ്പീക്കറും സൊസൈറ്റിയുടെ വർക്കിങ് ചെയർമാനുമായ എ.എൻ. ഷംസീർ അഭിപ്രായപ്പെട്ടു. ആശ്രയ സെക്രട്ടറി അച്ചൂട്ടിമാഷ്, ജോയിന്റ് സെക്രട്ടറി അർജുൻ എസ്.കെ., ഡയറക്ടർമാരായ വിജയൻ വെളിയമ്പ്ര, ശ്രീകുമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.




# കാലിക്കറ്റ് പ്രസ്സ് ക്ലബ് ജേർണലിസം കോഴ്സ്– ബിരുദദാന സമ്മേളനം



കാലിക്കറ്റ് പ്രസ്സ് ക്ലബിന് കീഴിലെ ജേർണലിസം പഠന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷന്റെ ഇരുപത്തൊൻപതാമത് ബിരുദദാനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. പ്രസ് ക്ലബ് പ്രസിഡന്റ് ഇ.പി. മുഹമ്മദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ പി.പി. ശശീന്ദ്രൻ, ഐ.സി.ജെ. ഡയറക്ടർ വി.ഇ. ബാലകൃഷ്ണൻ, പ്രസ് ക്ലബ് സെക്രട്ടറി പി.കെ. സജിത്, ജോയിന്റ് സെക്രട്ടറി ഒ. സയ്യിദ് അലി ശിഹാബ് തുടങ്ങിയവർ പങ്കെടുത്തു.

# ബസ് സർവീസ് ഫ്ലാഗ് ഓഫ്

എ.എൻ.ഷംസീർ
തലശ്ശേരി




കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച കൊളശ്ശേരി കുന്നോത്ത് തെരു-എസ്.എൻ. പുരം-മമ്പറം റൂട്ടിലെ ബസ് സർവീസിന്റെ ഫ്ലാഗ് ഓഫ് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. പ്രദേശത്തെ ജനങ്ങളുടെ യാത്രാ ക്ലേശങ്ങൾക്ക് പരിഹാരമാകുന്ന ബസ് സർവീസ് നാടിന്റെ വികസന മുന്നേറ്റത്തിൽ മികച്ചൊരു മുതൽക്കൂട്ടാകുമെന്നും എല്ലാവർക്കും സുഗമവും സുരക്ഷിതവുമായ യാത്ര ഇതിലൂടെ ഉറപ്പാക്കാൻ സാധിക്കുമെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു.

# നവീകരിച്ച കാഷ്വാലിറ്റി ബ്ലോക്ക് തുറന്നു നൽകി



തലശ്ശേരി ജനറൽ ആശുപത്രിയുടെ, അത്യാധുനിക സജ്ജീകരണങ്ങളോടും കൂടുതൽ സൗകര്യങ്ങളോടും കൂടി നവീകരിച്ച കാഷ്വാലിറ്റി ബ്ലോക്ക് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ജനങ്ങൾക്കായി തുറന്നു നൽകി. അടിയന്തര ഘട്ടങ്ങളിൽ ഉൾപ്പെടെ മികച്ച ചികിത്സാ സഹായം വേഗത്തിൽ ലഭ്യമാക്കിക്കൊണ്ട് സാധാരണക്കാരായ രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ ഇത്തരം വികസന മുന്നേറ്റങ്ങളിലൂടെ സാധിക്കുമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

# ചൊക്ലി കുടുംബാരോഗ്യ കേന്ദ്രത്തിന് ആദരവ്

എ.എൻ.ഷംസീർ
തലശ്ശേരി



ജനകീയ മുന്നേറ്റങ്ങളിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി 91.06 ശതമാനം മാർക്കോടെ ദേശീയ അംഗീകാരം നേടിയ ചൊക്ലി കുടുംബാരോഗ്യ കേന്ദ്രത്തിന് ആദരവ് നൽകുന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ പങ്കെടുത്തു. അത്യാധുനിക ലാബ് സൗകര്യങ്ങൾ, മികച്ച ഒ.പി., ഫിസിയോ തെറാപ്പി യൂണിറ്റ് എന്നിവയ്ക്ക് പുറമേ കൃത്യമായ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും വീടുകളിൽ നേരിട്ടെത്തിയുള്ള മികച്ച പരിചരണവുമാണ് ചൊക്ലി കുടുംബാരോഗ്യകേന്ദ്രത്തെ അംഗീകാരത്തിന് അർഹമാക്കിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനപ്രതിനിധികളും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും മറ്റ് പ്രമുഖരും പങ്കെടുത്തു.

# ഹൈമാസ്റ്റ് ലൈറ്റിന്റെയും അലങ്കാര തെരുവു വിളക്കുകളുടെയും ഉദ്ഘാടനം

വി.കെ. പ്രശാന്ത്
വട്ടിയൂർക്കാവ്




എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 31.60 ലക്ഷം രൂപ ചെലവഴിച്ച് പി.എം.ജി. ജംഗ്ഷനിൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെയും നിയമസഭാ മന്ദിരത്തിനു മുന്നിലെ റോഡിൽ സ്ഥാപിച്ച അലങ്കാര ലൈറ്റുകളുടെയും സ്വിച്ച് ഓൺ വി.കെ. പ്രശാന്ത് എം.എൽ.എ. നിർവഹിച്ചു. 12 പോളുകളിലായി നിയമസഭാ മന്ദിരത്തിന്റെ പ്രൗഢിക്കിണങ്ങുന്ന രീതിയിൽ പ്രത്യേകം ഡിസൈൻ ചെയ്ത 24 അലങ്കാര വിളക്കുകളും പി.എം.ജി. ജംഗ്ഷനിൽ ഒരു ഹൈമാസ്റ്റ് ലൈറ്റുമാണ് സ്ഥാപിച്ചത്. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗമാണ് പ്രവൃത്തി നിർവഹിച്ചത്. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

# നവീകരിച്ച എം.ജി. നഗർ റോഡ് ഉദ്ഘാടനം

വി.കെ. പ്രശാന്ത്
വട്ടിയൂർക്കാവ്

വട്ടിയൂർക്കാവ് മണ്ഡലത്തിലെ തുരുത്തുംമൂല വാർഡിൽ നവീകരിച്ച എം.ജി. നഗർ റോഡും ഓടയും വി.കെ. പ്രശാന്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 73 ലക്ഷം രൂപ ചെലവഴിച്ച് 150 മീറ്റർ ദൂരം പുതിയ ഓട നിർമ്മിച്ചാണ് റോഡ് നവീകരിച്ചത്. തുരുത്തുംമൂല വാർഡ് കൗൺസിലർ, എം.ജി. നഗർ റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# മുണ്ടക്കയം സബ്ട്രഷറിക്ക് പുതിയ കെട്ടിടം

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

നിരവധി വർഷങ്ങളായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന മുണ്ടക്കയം സബ്ട്രഷറിക്കായി ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച കെട്ടിടം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഒരു കോടി 88 ലക്ഷം രൂപ ചെലവിൽ 2700 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ പത്ത് സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ച യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.



# ഇളംകാട് പാലം ഉദ്ഘാടനം

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ



ഏന്തയാർ - ഇളംകാട് - വാഗമൺ റൂട്ടിൽ ഇളംകാട് ടൗണിന് സമീപം വല്യേന്ത തോടിന് കുറുകെ പൊതുമരാമത്ത് വകുപ്പ് മുഖേന 2.75 കോടി രൂപ വിനിയോഗിച്ച് നിർമ്മിച്ച പുതിയ പാലത്തിന്റെ ഔപചാരിക ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈനായി നിർവഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ച യോഗത്തിൽ മുൻ എം.എൽ.എ. കെ.ജെ. തോമസ് മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## കേരള നിയമസഭാ തിരഞ്ഞെടുപ്പ് 2026

കേരളം ഉൾപ്പെടെ നാല് സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലേക്കുമുള്ള പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതിന് കേന്ദ്ര ഇലക്ഷൻ കമ്മിഷൻ 2026 മാർച്ച് 16 ന് വിജ്ഞാപനം പുറപ്പെടുവിച്ചു. സംസ്ഥാനത്തെ നൂറ്റിനാൽപത് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2026 ഏപ്രിൽ 9 നാണ്. അസം നിയമസഭ, പുതുച്ചേരി എന്നിവിടങ്ങളിലേക്കും ഏപ്രിൽ 9 നാണ് പൊതുതിരഞ്ഞെടുപ്പ്. തമിഴ്നാട് നിയമസഭയിലേക്ക് ഏപ്രിൽ 23 നും പശ്ചിമ ബംഗാളിൽ രണ്ടു ഘട്ടങ്ങളിലായി ഏപ്രിൽ 23, 29 തീയതികളിലുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. മേയ് നാലിനാണ് വോട്ടെണ്ണൽ.



# പുതുക്കിയ പമ്പാ ബ്ലോക്കിന്റെ ഉദ്ഘാടനവും അനുബന്ധ പരിപാടികളും




നിയമസഭാ സാമാജികർക്കായി നിയമസഭാ ഹോസ്റ്റലിൽ നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയമായ പമ്പാ ബ്ലോക്കിന്റെ ഉദ്ഘാടനം 2026 ഫെബ്രുവരി 24 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ ചേർന്ന സമ്മേളനത്തിൽ നിയമസഭാ സ്പീക്കർ എ.എൻ ഷംസീറിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മന്ത്രിമാരായ പി.എ. മുഹമ്മദ് റിയാസ്, എം.ബി. രാജേഷ്, റോഷി അഗസ്റ്റിൻ, വി. അബ്ദുറഹിമാൻ, രാമചന്ദ്രൻ കടന്നപ്പള്ളി, വി. ശിവൻകുട്ടി, ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ഹൗസ് കമ്മിറ്റി ചെയർപേഴ്സൺ കോവൂർ കുഞ്ഞുമോൻ, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബി കൃതജ്ഞത രേഖപ്പെടുത്തി. അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിച്ചതിനാൽ നിയമസഭാ സെക്രട്ടറി പദത്തിൽ നിന്നും സ്ഥാനമൊഴിഞ്ഞ ഡോ. എൻ. കൃഷ്ണ കുമാറിന് നിയമസഭയുടെ ഉപഹാരം ചടങ്ങിൽ മുഖ്യമന്ത്രി കൈമാറി. പമ്പാ ബ്ലോക്കിന്റെ നിർമ്മാണ കരാറെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുള്ള ഉപഹാരവും നിയമസഭയുടെ വിവിധ പ്രസിദ്ധീകരണങ്ങളായ *'കേരള നിയമസഭ നടപടിക്രമവും കീഴ്വഴക്കങ്ങളും - മൂന്നാം പതിപ്പ്'*, *'കേരള നിയമസഭ - നിയമ നിർമ്മാണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ (1957-2026)'*, *'ഭരണഘടനാ നിർമ്മാണസഭാ ചർച്ചകൾ മലയാള പരിഭാഷ - IV, V, VI വാല്യങ്ങൾ'* എന്നിവയുടെ പ്രകാശനവും നിയമസഭയുടെ പുതിയ ഡൈനാമിക് വെബ്സൈറ്റിന്റെയും പുതിയ വെബ്കാസ്റ്റിംഗ് സോഫ്റ്റ്‌വെയറിന്റെയും ഉദ്ഘാടനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിച്ചു. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പുമായി ബന്ധപ്പെട്ട മാധ്യമ അവാർഡ്, ബെസ്റ്റ് മെഗാ ഇവന്റ് അവാർഡ്, 2024 ലെ ഭരണഭാഷാ സേവന സാഹിത്യ പുരസ്കാരം, 2025 ലെ ഭരണഭാഷാ വാരാഘോഷവുമായി ബന്ധപ്പെട്ട് നടത്തിയ മത്സര വിജയികൾക്കുള്ള സമ്മാനം എന്നിവയും വിതരണം ചെയ്യുകയുണ്ടായി.

## പമ്പാ ബ്ലോക്ക്

നിയമസഭാ സാമാജികർക്ക് താമസിക്കുന്നതിനായി 1979 ൽ നിർമ്മിച്ച പമ്പാ ബ്ലോക്കിൽ വേണ്ടതായ സൗകര്യങ്ങളില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 2013 ൽ പമ്പാ ബ്ലോക്ക് പുനർ നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കു

കയുണ്ടായി. നവീകരണം അസാധ്യമായതിനാൽ കെട്ടിടം പൊളിച്ചുമാറ്റി പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുക എന്നതായിരുന്നു തീരുമാനം. 2023 ആഗസ്റ്റ് 26 ന് പുതിയ കെട്ടിടത്തിന്റെ ശിലാ സ്ഥാപനം നടത്തുകയും ഡിസംബറിൽ പ്രവൃത്തി കൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാന പൊതു മരാമത്ത് വകുപ്പ് EPC (Engineering, Procurement and Contsruction) മാതൃകയിൽ ആദ്യമായി നിർമ്മിച്ച കെട്ടിടസമുച്ചയമാണിത്.

പതിമൂന്ന് നിലകളുള്ള പുതിയ പമ്പാ ബ്ലോക്കിൽ സെല്ലാർ, സബ് സെല്ലാർ നിലകളിലാണ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ഗ്രൗണ്ട് ഫ്ലോറിൽ ക്യാന്റീൻ, മൾട്ടി പർപ്പസ് ഹാൾ, റിക്രിയേഷൻ ഹാൾ, മിനി കോൺഫറൻസ് ഹാൾ, ഒരു ഗസ്റ്റ് സ്യൂട്ട്, ഒരു ഫ്ലാറ്റ് എന്നിവ ഉൾപ്പെടുന്നു.

11700 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ മുകളിലുള്ള 10 നിലകളിലായി 60 ഫ്ലാറ്റുകളാണുള്ളത്. ഓരോ ഫ്ലാറ്റിലും രണ്ടു ബെഡ് റൂം, ഡൈനിംഗ് ഹാൾ, ഒരു ലിവിംഗ് ഏരിയ, ഒരു ഓഫീസ് റൂം, 4 ശുചിമുറികൾ എന്നിവയുണ്ട്. കെട്ടിടത്തിൽ 4 ലിഫ്റ്റു കളും ഫയർ എസ്കേപ് സ്റ്റെയർ ഉൾപ്പെടെ 2 സ്റ്റെയറുകളും ഉൾപ്പെടുന്നു. ഉള്ളിലെ ചൂട് നിയന്ത്രി ക്കാനും സ്വാഭാവിക വായുപ്രവാഹത്തിനും കാര്യ ക്ഷമമായ ഊർജ്ജവിനിയോഗത്തിനും കഴിയുമാറാണ് സമുച്ചയം രൂപകല്പന ചെയ്തിട്ടുള്ളത്. 40 മീറ്റർ ഉയരമുള്ള ഈ കെട്ടിട സമുച്ചയത്തിൽ സോളാർ പാനലും ഫയർ ഫൈറ്റിംഗ് ടാങ്കും ഉൾപ്പെടുന്നു. 23000 ലിറ്ററിന്റെ മഴവെള്ളസംഭരണി, ബയോഗ്യാസ് പ്ലാൻറ്, ജനറേറ്റർ, അഗ്നിനിയന്ത്രണം, പമ്പിങ്, ഗ്യാസ് സിലിൻഡർ ബങ്ക് എന്നിവയ്ക്കുള്ള സൗകര്യവും കെട്ടിടത്തിലുണ്ട്.

## മാധ്യമ അവാർഡ്

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പുമായി ബന്ധപ്പെട്ട മാധ്യമ അവാർഡുകൾ വിതരണം ചെയ്തു. ശ്രവ്യ മാധ്യമ വിഭാഗത്തിൽ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ് ക്ലബ് എഫ് എം ന് ലഭിച്ചു. അച്ചടി മാധ്യമ വിഭാഗത്തിൽ ബിച്ചു പി.സി. (മെട്രോ വാർത്ത), ദൃശ്യ മാധ്യമ വിഭാഗത്തിൽ ഇന്ദുലേഖ രാജു (മാതൃഭൂമി ന്യൂസ്), ഓൺലൈൻ മാധ്യമ വിഭാഗത്തിൽ നിസാർ മുഹമ്മദ് (വീക്ഷണം) എന്നിവർ മികച്ച റിപ്പോർട്ടർ ക്കുള്ള പുരസ്കാരത്തിന് അർഹരായി. മികച്ച ഫോട്ടോഗ്രാഫർക്കുള്ള പുരസ്കാരം കെ.ബി. ജയചന്ദ്രന് (മെട്രോ വാർത്ത) ലഭിച്ചു. ബിബിൻ കുമാർ കെ. (റിപ്പോർട്ടർ ടി.വി.), പ്രകാശ് എസ്.എസ്. (കൈരളി ന്യൂസ് ഓൺലൈൻ) എന്നിവർ മികച്ച വീഡിയോഗ്രാഫർക്കുള്ള പുരസ്കാരത്തിന് അർഹ രായി. മികച്ച സോഷ്യൽ മീഡിയ റിപ്പോർട്ടിംഗിനുള്ള പുരസ്കാരം ജാസ്മിൻ ആർ.ബി. (ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്) കരസ്ഥമാക്കി. അച്ചടി മാധ്യമ വിഭാഗ ത്തിൽ അനഘ രാജീവ് (റിപ്പോർട്ടർ-ജനയുഗം), ഓൺലൈൻ മാധ്യമ വിഭാഗത്തിൽ രമ്യ റാം (റിപ്പോർട്ടർ-ഏഷ്യാനെറ്റ് ന്യൂസ്), സോഷ്യൽ മീഡിയ വിഭാഗത്തിൽ സെന്തിൽ ജെ. യു.(ഇൻസ്റ്റാഗ്രാം) എന്നിവർ പ്രത്യേക പരാമർശത്തിനും അർഹരായി.

## ശിശുനികേതൻ നിർമ്മാണ ഉദ്ഘാടനം

നിയമസഭാ സമുച്ചയത്തിൽ പുതിയതായി പണി കഴിപ്പിക്കുന്ന ശിശുനികേതൻ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം 2026 ഫെബ്രുവരി 5 ന് പൊതു മരാമത്ത് വിനോദ സഞ്ചാര വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷനായ ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ എന്നിവർ പങ്കെടുത്തു. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ശിശുനികേതന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിശാലമായ സൗകര്യങ്ങളും ഒന്നാം നിലയിൽ ആധുനിക സൗകര്യങ്ങളോടെയുള്ള കുട്ടികളുടെ ലൈബ്രറിയും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.



# 'ഇ.എം.എസ്. സ്മൃതി' ഉദ്ഘാടനം



നിയമസഭയിലെ ജി. കാർത്തികേയൻ മ്യൂസിയത്തിൽ സജ്ജമാക്കിയ 'ഇ.എം.എസ്. സ്മൃതി'യുടെ ഉദ്ഘാടനം 2026 ഫെബ്രുവരി 4 ന് നിയമസഭാ മ്യൂസിയം അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ചു. മ്യൂസിയം ഉപദേശക സമിതി ചെയർമാൻ കെ. ബാബു (നെന്മാറ) എം.എൽ.എ. ആശംസകൾ അർപ്പിച്ചു സംസാരിച്ചു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.

കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ജീവിതവും കർമ്മമേഖലകളും പൈതൃകവും അനാവരണം ചെയ്യുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ളതാണ് ഇ.എം.എസ്. സ്മൃതി മ്യൂസിയം. നിയമസഭാ മ്യൂസിയത്തിലെ സെല്ലാറിൽ 4500 ചതുരശ്ര അടി വിസ്തൃതിയിൽ ഓഡിയോ വീഡിയോ സംവിധാനങ്ങളോടെ ഒരു ഇടനാഴി, മൂന്നു ഹാളുകൾ എന്നിവിടങ്ങളിലായി അത്യാധുനികവും സാങ്കേതികവിദ്യാധിഷ്ഠിതവുമായാണ് ഇ.എം.എസ്. സ്മൃതി സജ്ജമാക്കിയിട്ടുള്ളത്. ഇ.എം.എസിന്റെ വിവിധ ജീവിത ഘട്ടങ്ങളും കർമ്മമേഖലകളും ഇ.എം.എസിനെക്കുറിച്ചുള്ള പ്രശസ്ത വ്യക്തികളുടെ അഭിപ്രായങ്ങളും ലേഖനങ്ങളും ഉൾപ്പെടുന്ന ആറ് ഗ്യാലറികൾ ഒന്നാമത്തെ ഹാളിലും തിയേറ്റർ, കുട്ടികളുടെ പ്രവർത്തന മേഖല, സുവനീർ ഷോപ്പ് എന്നിവ രണ്ടാമത്തെ ഹാളിലും ഡിജിറ്റൽ ലൈബ്രറി, വായനാമുറി എന്നിവ മൂന്നാമത്തെ ഹാളിലുമായാണ് തയ്യാറാക്കിയിട്ടുള്ളത്.




# സഞ്ജു വി. സാംസൺ

## ട്വന്റി20 ക്രിക്കറ്റ് – മൂന്നാം ലോകകപ്പ് കിരീട നേട്ടത്തിലെ മലയാളിത്തിളക്കം

അഹമ്മദാബാദിൽ 2026 മാർച്ച് 8ന് നടന്ന ഐസിസി പുരുഷ ട്വന്റി20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ചാമ്പ്യന്മാരായ ഇന്ത്യൻ ടീം മൂന്നാം തവണയാണ് ട്വന്റി20 ലോകകപ്പ് കിരീടം നേടുന്നത്. എട്ട് വേദികളിലായി അഞ്ച് ഭൂഖണ്ഡങ്ങളിൽ നിന്നുള്ള ഇരുപത് ടീമുകളാണ് കിരീടത്തിനായി പോരാടിയത്. ഫൈനലിൽ ന്യൂസിലാൻഡിനെതിരെ 96 റൺസിനാണ് ഇന്ത്യ വിജയം കൈവരിച്ചത്. ഈ വിജയത്തിലൂടെ ട്വന്റി20 ലോകകപ്പിൽ ഏറ്റവും കൂടുതൽ തവണ ചാമ്പ്യന്മാരാകുന്ന ടീം, ടി20 ലോകകപ്പ് നിലനിർത്തുന്ന ആദ്യ ചാമ്പ്യൻ ടീം, സ്വന്തം നാട്ടിൽ ലോകകപ്പ് നേടുന്ന ആദ്യ ടീം എന്നീ റെക്കോർഡുകൾ ഇന്ത്യയ്ക്ക് സ്വന്തമായി. മലയാളി താരമായ സഞ്ജു വി. സാംസണിന്റെ ഇന്നിംഗ്സാണ് (46 പന്തിൽ അഞ്ച് ഫോറും എട്ട് സിക്സുമടക്കം 89 റൺസ്) ഉയർന്ന സ്കോർ നേടാൻ ഇന്ത്യൻ ടീമിനെ സഹായിച്ചത്. തുടർച്ചയായ മൂന്നു മത്സരങ്ങളിൽ അർദ്ധ സെഞ്ചറി നേടിയ സഞ്ജു പ്ലെയർ ഓഫ് ദ ടൂർണമെന്റായും തെരഞ്ഞെടുക്കപ്പെട്ടു. ആകെ കളിച്ച അഞ്ചു മത്സരങ്ങളിൽ നിന്ന് 321 റൺസ് നേടിയ സഞ്ജു ഐ.സി.സി. ടി20 ബാറ്റിംഗ് റാങ്കിംഗിൽ 21-ാം സ്ഥാനത്തെത്തി.



സാംസൺ വിശ്വനാഥ് (മുൻ ഡൽഹി പോലീസ് കോൺസ്റ്റബിൾ), ലിജി വിശ്വനാഥ് എന്നിവരുടെ മകനാണ് സഞ്ജു. ചാരുലത രമേഷാണ് ഭാര്യ. സഹോദരൻ സാലി സാംസൺ കേരളത്തിനായി ജൂനിയർ ക്രിക്കറ്റ് കളിച്ചിട്ടുണ്ട്. 1994 നവംബർ 11ന് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തിനടുത്തുള്ള പുല്ലുവിള എന്ന ഗ്രാമത്തിലാണ് സഞ്ജു ജനിച്ചത്. ഡൽഹിയിലെ റോസറി സീനിയർ സെക്കൻഡറി സ്കൂൾ, തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം കരസ്ഥമാക്കി. 17-ാം വയസ്സിലാണ് സഞ്ജു ആദ്യമായി കേരളത്തിനായി ഫസ്റ്റ് ക്ലാസ് മത്സരങ്ങളിൽ കളിച്ചത്. ശേഷം ഇന്ത്യൻ പ്രീമിയർ ലീഗിൽ രാജസ്ഥാൻ റോയൽസ് ടീമിനായി കളിച്ച് പ്രശസ്തനായി. 2013 ഐ.പി.എൽ. ൽ എമർജിംഗ് പ്ലെയർ അവാർഡ് നേടി. 2021-ൽ രാജസ്ഥാൻ റോയൽസിന്റെ ക്യാപ്റ്റനായിരുന്നു. ഐ.പി.എൽ 2026 ൽ ചെന്നൈ സൂപ്പർ കിംഗ്സ് ടീമിൽ അംഗമാണ്. നിലവിൽ ഇന്ത്യ നാഷണൽ ക്രിക്കറ്റ് ടീമിലെ മികച്ച വിക്കറ്റ് കീപ്പറും ബാറ്റ്സ്മാനുമാണ് സഞ്ജു.



# ചിത്രജാലകം



2026 മാർച്ച് 8 ന് അഹമ്മദാബാദിൽ നടന്ന ഐസിസി പുരുഷ ട്വന്റി20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ കിരീടം നിലനിർത്തിയ ഇന്ത്യൻ ടീം ട്രോഫിയുമായി.



2026 ഫെബ്രുവരി 6 ന് സിംബാബ്‌വെയിലെ ഹരാരെയിൽ നടന്ന ഐസിസി അണ്ടർ 19 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ജേതാക്കളായ ഇന്ത്യൻ ടീം ട്രോഫിയുമായി.

# ഇലക്ട്രിക് ബഗ്ഗിയുടെ ഫ്ലാഗ് ഓഫ്

നിയമസഭാ മ്യൂസിയവും നിയമസഭയും കാണാനെത്തുന്ന സന്ദർശകർക്കായി സി.എസ്.ആർ. (Corporate Social Responsibility) ഫണ്ട് വിനിയോഗിച്ച് ഫെഡറൽ ബാങ്ക് ലഭ്യമാക്കിയ ഇലക്ട്രിക് ബഗ്ഗിയുടെ ഫ്ലാഗ് ഓഫ് 2026 മാർച്ച് 3 ന് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. ചടങ്ങിൽ നിയമസഭാ ജീവനക്കാർ, ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.




# ഡോ. എൻ. കൃഷ്ണ കുമാർ നിയമസഭാ സെക്രട്ടറി സ്ഥാനമൊഴിഞ്ഞു



കേരള നിയമസഭയിലെ അന്യത്ര സേവനം അവസാനിപ്പിച്ച് തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പലായി ചുമതലയേൽക്കുന്നതിനായി ഡോ. എൻ. കൃഷ്ണ കുമാർ 2026 ഫെബ്രുവരി 20 ന് നിയമസഭാ സെക്രട്ടറി സ്ഥാനമൊഴിഞ്ഞു. നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 2026 ഫെബ്രുവരി 24 ന് സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയുടെ ഉപഹാരം സ്ഥാനമൊഴിഞ്ഞ സെക്രട്ടറിക്ക് സമ്മാനിച്ചു. കോഴിക്കോട് ഗവൺമെന്റ് ലോ കോളേജ് പ്രൊഫസറും പ്രിൻസിപ്പലുമായിരിക്കെയാണ് ഡോ. എൻ. കൃഷ്ണ കുമാർ നിയമസഭാ സെക്രട്ടറിയായി 2024 ജൂണിൽ നിയമിതനായത്. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്ന്, നാല് പതിപ്പുകളുടെ വിജയകരമായ നടത്തിപ്പിന്റെ അമരക്കാരനായിരുന്നു അദ്ദേഹം. നിയമസഭാ ഹോസ്റ്റലിൽ സാമാജികർക്കായി നിർമ്മിച്ച പമ്പാ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ ഇടപെടലുകൾ ശ്രദ്ധേയമാണ്. നിയമസഭയിലെ ജി. കാർത്തികേയൻ മ്യൂസിയത്തിൽ ഇ.എം.എസ്. സ്മൃതി സജ്ജമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വിവിധ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവും നിരവധി ദേശീയ അന്തർദേശീയ പുരസ്കാര ജേതാവും കേരള യൂണിവേഴ്സിറ്റി റാങ്ക് ഹോൾഡറും കേന്ദ്ര സർക്കാരിന്റെ അംഗീകൃത ട്രെയിനറുമാണ്.

ഡോ. എൻ. കൃഷ്ണ കുമാർ നിയമസഭാ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞതിനെ തുടർന്ന് സ്പെഷ്യൽ സെക്രട്ടറി ഷാജി സി. ബേബി സെക്രട്ടറി-ഇൻ-ചാർജ് ആയി ചുമതലയേറ്റു.

## കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് നിയമസഭാ സാമാജികർ

2000 ലെ കേരള സ്പോർട്സ് ആക്റ്റ് (2001 ലെ 2 ാം ആക്റ്റ്) വകുപ്പ് 3 (3) (ഡി) പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് പതിനഞ്ചാം കേരള നിയമസഭയിൽ നിന്ന് മൂന്ന് അംഗങ്ങളെ തെരഞ്ഞെടുത്തു. മോൻസ് ജോസഫ് (കടുത്തുരുത്തി), മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി), എം. വിജിൻ (കല്യാശ്ശേരി) എന്നീ സാമാജികരാണ് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ.







## മെഡൽ തിളക്കത്തിൽ എം.ജെ. ജേക്കബ്






2026 ജനുവരി 28 മുതൽ ഫെബ്രുവരി 1 വരെ തിരുവനന്തപുരത്ത് നടന്ന 46 ാമത് ദേശീയ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മുൻ നിയമസഭാംഗം എം.ജെ. ജേക്കബ് മൂന്ന് സ്വർണ്ണ മെഡലുകളും ഒരു വെള്ളി മെഡലും കരസ്ഥമാക്കി. ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച അദ്ദേഹം എൺപത് വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ 200, 80 മീറ്റർ ഹർഡിൽസ്, ലോങ്ജമ്പ്, 4 X 100 മീറ്റർ റിലേ എന്നീ ഇനങ്ങളിലാണ് മെഡലുകൾ കരസ്ഥമാക്കിയത്. ഇതോടെ 2026 ജൂലൈയിൽ തെക്കൻ കൊറിയയിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് അദ്ദേഹം യോഗ്യത നേടി. വിവിധ രാജ്യങ്ങളിൽ നടന്ന ലോക, ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പുകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മെഡലുകൾ കരസ്ഥമാക്കിയിട്ടുള്ള എം.ജെ. ജേക്കബ് പന്ത്രണ്ടാം കേരള നിയമസഭയിൽ പിറവം മണ്ഡലത്തിൽ നിന്നുള്ള സാമാജികനായിരുന്നു.



## സി.സി. മുകുന്ദൻ നിയമസഭാംഗത്വം രാജിവച്ചു

പതിനഞ്ചാം കേരള നിയമസഭയിൽ നാട്ടിക മണ്ഡലത്തിൽ നിന്നുള്ള സാമാജികൻ സി.സി. മുകുന്ദൻ 2026 മാർച്ച് 15 ന് നിയമസഭാംഗത്വം രാജിവച്ചു. സി.സി. മുകുന്ദന്റെ രാജി മൂലം പതിനഞ്ചാം കേരള നിയമസഭയിൽ അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന നാട്ടിക സീറ്റ് 2026 മാർച്ച് 15 മുതൽ ഒഴിവുവന്നതായി നിയമസഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു.

## സമിതി ചെയർപേഴ്സൺമാരെ ചെയർ അനുമോദിച്ചു

പതിനഞ്ചാം കേരള നിയമസഭാ കാലയളവിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റി എന്നീ ധനകാര്യ സമിതികളെ സഭ പ്രശംസിച്ചു. പി.എ.സി. 102 റിപ്പോർട്ടുകളും എസ്റ്റിമേറ്റ്സ് കമ്മിറ്റി 36 റിപ്പോർട്ടുകളും എൽ.എഫ്.എ.സി. 82 റിപ്പോർട്ടുകളും പി.യു.സി. 84 റിപ്പോർട്ടുകളും ഇക്കാലയളവിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത സമിതികൾക്ക് നേതൃത്വം കൊടുത്ത സമിതി ചെയർപേഴ്സൺമാരായ സണ്ണി ജോസഫ്, കെ.കെ. ശൈലജ ടീച്ചർ, ടി.പി. രാമകൃഷ്ണൻ, ഇ. ചന്ദ്രശേഖരൻ എന്നിവരെ ചെയർ പ്രത്യേകം അനുമോദിക്കുകയുണ്ടായി.









സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി എന്നീ സമിതികളുടെ മികവുറ്റ പ്രവർത്തനങ്ങൾക്ക് സമിതി ചെയർപേഴ്സൺമാരായ യു. പ്രതിഭ, പി.സി. വിഷ്ണുനാഥ് എന്നിവരെയും ചെയർ അനുമോദിക്കുകയുണ്ടായി.





കൂടാതെ, പതിവ് റിപ്പോർട്ടുകൾക്കു പുറമേ സ്പെഷ്യൽ റിപ്പോർട്ടുകളും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട്, ബില്ലുകളിന്മേലുള്ള റിപ്പോർട്ടുകളും സമർപ്പിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റികളും മികച്ച പ്രവർത്തനമാണ് പതിനഞ്ചാം കേരള നിയമസഭയുടെ കാലത്ത് കാഴ്ചവച്ചതെന്ന് സഭ വിലയിരുത്തി. ഇത്തരത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച സമിതികളിലെ ചെയർപേഴ്സൺമാർ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരെയും ചെയർ അനുമോദിച്ചു.

## സോനം വാങ്ചുക് ജയിൽ മോചിതനായി

ലഡാക്കിന്റെ പ്രത്യേക പദവിക്കായി പോരാടുന്ന അവകാശ പ്രവർത്തകൻ സോനം വാങ്ചുക് 2026 മാർച്ച് 14 ന് ജയിൽ മോചിതനായി. 2025 സെപ്റ്റംബറിൽ ലേയിൽ നടന്ന പ്രക്ഷോഭം സംഘർഷത്തിൽ കലാശിച്ചതിനെത്തുടർന്നാണ് ദേശസുരക്ഷാ നിയമപ്രകാരം വാങ്ചുകിനെ തടവിലാക്കിയത്. കേന്ദ്ര ഭരണ പ്രദേശമായ ലഡാക്കിന് സംസ്ഥാന പദവി, ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി പ്രത്യേക പരിരക്ഷ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രക്ഷോഭം.



1. മലയാളം ഉൾപ്പെടെയുള്ള പതിനൊന്ന് ക്ലാസിക്കൽ ഭാഷകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി രാഷ്ട്രപതി ദ്രൗപതി മുർമു 2026 ജനുവരി 23 ന് രാഷ്ട്രപതി ഭവനിൽ ഉദ്ഘാടനം ചെയ്ത ലൈബ്രറി ?

   ഗ്രന്ഥ കുടീർ

2. ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിന (മാർച്ച് 8) ത്തിന്റെ തീം ?

   Give to Gain

3. അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ഭാഗമായി പ്രശസ്ത കളിപ്പാട്ട നിർമ്മാണ കമ്പനിയായ മാറ്റെൽ (Mattel) പുറത്തിറക്കിയ 'ബാർബി ഡ്രീം ടീം' ൽ ബാർബി ഡോൾ രൂപത്തിൽ ആദരിക്കപ്പെടുന്ന ലോകത്തിലെ ആദ്യ ക്രിക്കറ്റ് താരം ?

   ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം അംഗം സ്മൃതി മന്ദാന

4. സർക്കാർ സേവനങ്ങൾ സുതാര്യമാക്കാനും പൊതു ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ഡിജിറ്റൽ അസമത്വം ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് കേരളം നടപ്പിലാക്കിയ ഡിജിറ്റൽ മൊബൈൽ വെബ് പോർട്ടൽ ?

   നമ്മുടെ കേരളം

5. നിർമ്മിതബുദ്ധി യുഗത്തിലെ സങ്കീർണ്ണതകൾ പരിഹരിക്കുന്നതിന് വിദ്യാർഥികൾക്കായി 'സൈബർ സുരക്ഷ പ്രോട്ടോക്കോൾ 2026' പ്രസിദ്ധീകരിച്ച സംസ്ഥാനം ?

   കേരളം

6. സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്കായി സംസ്ഥാനം ആവിഷ്കരിച്ച പുതിയ അപകട ഇൻഷ്വറൻസ് പദ്ധതി ?

   രക്ഷാകവചം

7. വനിതകൾക്ക് സംസ്ഥാനത്ത് എവിടെയും ഏത് സമയത്തും സ്വതന്ത്രരായി സഞ്ചരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുന്ന കേരളാ പൊലീസിന്റെ പദ്ധതി ?

   നിർഭയ നിശ

8. കേരളത്തിന്റെ ജുഡീഷ്യൽ ചരിത്രത്തിൽ കാഴ്ച പരിമിതിയുള്ള ആദ്യത്തെ സിവിൽ ജഡ്ജിയായി ചുമതലയേറ്റ വ്യക്തി ?

   ജസ്റ്റിസ് തന്യ നാഥൻ

9. കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും ദൈർഘ്യം കുറഞ്ഞ നയ പ്രഖ്യാപന പ്രസംഗം നടന്നത് എന്നാണ് ?

   പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിന്റെ ആരംഭം കുറിച്ചുകൊണ്ട് 2024 ജനുവരി 25 ന് അന്നത്തെ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ അവതരിപ്പിച്ച ഒന്നര മിനിറ്റ് ദൈർഘ്യമുള്ള നയപ്രഖ്യാപന പ്രസംഗം

10. 2026 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ടുലിപ് ഫെസ്റ്റിവൽ നടന്നത് എവിടെ ?

   ന്യൂഡൽഹി




## സുനേത്ര പവാർ – മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി



മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയായി സുനേത്ര പവാർ 2026 ജനുവരി 31 ന് ചുമതലയേറ്റു. മുംബൈ ലോക്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ ആചാര്യ ദേവവ്രത് പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. അന്തരിച്ച എൻ.സി.പി. നേതാവ് അജിത് പവാറിന്റെ ഭാര്യയും രാജ്യസഭാംഗവുമായ സുനേത്ര പവാർ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയാകുന്ന ആദ്യ വനിതയാണ്.

## യുംനാം ഖേംചന്ദ് സിംഗ് മണിപ്പൂർ മുഖ്യമന്ത്രി



മണിപ്പൂരിൽ യുംനാം ഖേംചന്ദ് സിംഗിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 2026 ഫെബ്രുവരി 4 ന് അധികാരമേറ്റു. ഇംഫാൽ ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ അജയ്കുമാർ ഭല്ല പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. വംശീയ കലാപങ്ങളെ തുടർന്ന് കഴിഞ്ഞ ഫെബ്രുവരി 9 മുതൽ ഏർപ്പെടുത്തിയിരുന്ന രാഷ്ട്രപതി ഭരണം പിൻവലിച്ചതിനെ തുടർന്നാണ് പുതിയ മന്ത്രിസഭ അധികാരമേറ്റത്. ഉപ മുഖ്യമന്ത്രിമാരായി നെംച കിപ്ജെൻ, ലോസിൽ ദിഖോ എന്നിവരും ചുമതലയേറ്റു.

# പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം




ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ 2026 ജനുവരി 20 ന് ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കാലയളവിൽ രണ്ട് ഘട്ടങ്ങളിലായി ആകെ 12 ദിവസങ്ങളിലാണ് സഭ സമ്മേളിച്ചത്. നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണർ ഒഴിവാക്കിയ ഭാഗങ്ങൾ ഉൾപ്പെടുത്തിയും ഗവർണ്ണർ നടത്തിയ കൂട്ടിച്ചേർക്കലുകൾ ഒഴിവാക്കിയും മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപനം ആധികാരിക നയപ്രഖ്യാപനമായി അംഗീകരിക്കണമെന്നത് സംബന്ധിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുശേഷം മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തി. സഭയിൽ വിതരണം ചെയ്തിട്ടുള്ള നയപ്രഖ്യാപനമായിരിക്കും ഔദ്യോഗിക രേഖകളിൽ ഉണ്ടായിരിക്കുന്നതെന്ന് ചെയർ റൂൾ ചെയ്യുകയുണ്ടായി. പതിനഞ്ചാം കേരള നിയമസഭയിൽ അംഗമായിരുന്ന കാനത്തിൽ ജമീലയുടെ നിര്യാണം സംബന്ധിച്ച റഫറൻസോടെ രണ്ടാം ദിനം സഭ പിരിഞ്ഞു. ബാബു എം. പാലിശ്ശേരി, എം. ആർ. രഘുചന്ദ്രബാൽ, കെ. കെ. നാരായണൻ, പി. എം. മാത്യു, വി. കെ. ഇബ്രാഹിം കുഞ്ഞ്, തോമസ് കുതിരവട്ടം, എം. മുരളി എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസും ഈ സമ്മേളനത്തിൽ സഭ നടത്തി.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 2026 ജനുവരി 22, 27, 28 തീയതികളിലായി നടന്നു. 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ജനുവരി 29 ന് സഭയിൽ അവതരിപ്പിക്കുകയും ഫെബ്രുവരി 2, 3, 4 എന്നീ ദിവസങ്ങളിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടക്കുകയും ചെയ്തു. ഫെബ്രുവരി 5 മുതൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ ചേർന്ന് ധനാഭ്യർഥനകളുടെ സൂക്ഷ്മ പരിശോധന നടത്തി. തുടർന്ന് 2026 ഫെബ്രുവരി 23 ന് ആരംഭിച്ച സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിൽ 2026-27 വർഷത്തെ ധനാഭ്യർഥനകൾ ചർച്ച കൂടാതെ ഫെബ്രുവരി 24 ന് സഭ പാസാക്കുകയുണ്ടായി. രണ്ട് ധനകാര്യ ബില്ലുകളും 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗബില്ലും 2026-27 സാമ്പത്തിക വർഷത്തെ ധനവിനിയോഗ ബില്ലും ഉൾപ്പെടെ ആകെ 9 ബില്ലുകൾ സമ്മേളന കാലയളവിൽ പാസാക്കി. അവയിൽ 2025 ലെ കേരള പബ്ലിക് സർവീസ് കമ്മിഷൻ (കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2026 ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026 ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ, 2026 ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ, 2026 ലെ അബ്കാരി (ഭേദഗതി) ബിൽ എന്നിവയും ഉൾപ്പെടുന്നു.

സമ്മേളന കാലത്ത് 7 ചോദ്യദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 2902 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ ലഭിച്ചതിൽ 210 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിലും 2670 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിലും ഉൾപ്പെടുത്തി ആകെ 2880 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2096 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിരുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിനുള്ള ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിച്ചു.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരം സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാ പിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും എന്ന വിഷയത്തിലുള്ള നോട്ടീസിന്മേൽ രണ്ട് മണിക്കൂറിലധികം സമയം സഭ ചർച്ച നടത്തുകയുണ്ടായി. കേരളത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ചും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ചും ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ സമ്മേളന കാലയളവിൽ സഭ ഐകകണ്ഠ്യേന

പാസാക്കുകയുണ്ടായി. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനങ്ങൾ എന്ന വിഷയം സംബന്ധിച്ച് ചട്ടം 300 പ്രകാരം പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഫെബ്രുവരി 5 ന് സഭയിൽ ഒരു പ്രസ്താവന നടത്തുകയുമുണ്ടായി. സഭയുടെ മേശപ്പുറത്ത് വച്ച 2025 ലെ കേരള മോട്ടോർ വെഹിക്കിൾസ് ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതികൾ 2026 ഫെബ്രുവരി 24 ന് സഭ പരിഗണിക്കുകയും അവയിൽ ചില ഭേദഗതികൾ സഭ അംഗീകരിക്കുകയുമുണ്ടായി.

ഗവർണ്ണർ നിയമസഭാ സ്പീക്കറെ അഭിസംബോധന ചെയ്തുകൊണ്ട് ജനുവരി 26, ഫെബ്രുവരി 3 എന്നീ തീയതികളിൽ നൽകിയിട്ടുള്ള കത്തുകൾ 2026 ഫെബ്രുവരി 24 ന് സഭ പരിഗണിക്കുകയും, മുഖ്യമന്ത്രി ഇത് സംബന്ധിച്ചു വിശദീകരണം നൽകുകയും, ഗവർണ്ണർ സ്പീക്കർക്ക് നൽകിയ കത്തുകളിലെ ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന് സഭ തീരുമാനിക്കുകയും ചെയ്തു.

പതിനാറാം സമ്മേളന കാലയളവിൽ 11 ശ്രദ്ധക്ഷണിക്കലുകളും 75 സബ്മിഷനുകളും സഭമുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 481 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 90 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2026 ഫെബ്രുവരി 24 ന് അവസാനിച്ചു.

## പാർലമെന്റിന്റെ ബജറ്റ് സമ്മേളനം

പതിനെട്ടാം ലോക്സഭയുടെ 2026 ലെ ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടം 2026 ജനുവരി 28ന് ആരംഭിച്ച് ഫെബ്രുവരി 13ന് അവസാനിച്ചു. മാർച്ച് 9ന് ആരംഭിച്ച രണ്ടാം ഘട്ട സമ്മേളനം ഏപ്രിൽ 2 വരെയാണ്. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടാണ് ബജറ്റ് സമ്മേളനം ആരംഭിച്ചത്. ഫെബ്രുവരി 1 ന് ധനമന്ത്രി നിർമ്മല സീതാരാമൻ 2026-27ലെ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചു. സമ്മേളനത്തിൽ 2026-27 വർഷത്തെ ധനാഭ്യർത്ഥനകൾ ഗില്ലറ്റിൻ ചെയ്ത് പാസാക്കുകയുണ്ടായി. 2025-26 വർഷത്തെ ബജറ്റിലെ ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുകയും അപ്രോപ്രിയേഷൻ ബിൽ പാസാക്കുകയും ചെയ്തു. 2026 ഫെബ്രുവരി 13 ന് ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (ഭേദഗതി) ബിൽ 2026 ഇരു സഭകളും പാസാക്കുകയുണ്ടായി. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചപ്പോൾ, ലോക്സഭാ സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യാനുള്ള പ്രമേയം പ്രതിപക്ഷം അവതരിപ്പിച്ചെങ്കിലും പാസാക്കാനായില്ല. അന്തരിച്ച മുൻ കേന്ദ്രമന്ത്രി കെ.പി. ഉണ്ണിക്കൃഷ്ണന് മാർച്ച് 9 ന് ലോക്സഭ ചരമോപചാരം അർപ്പിച്ചു. കൂടാതെ ടൃന്റി20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ കിരീടം നേടിയ ഇന്ത്യൻ ടീമിന് ആശംസകൾ നേർന്നു. പശ്ചിമേഷ്യൻ സംഘർഷത്തിൽ വിദേശകാര്യ മന്ത്രി ലോക്സഭയിൽ പ്രസ്താവന നടത്തി. ട്രാൻസ്ജെൻഡർ (അവകാശ സംരക്ഷണ) ഭേദഗതി ബിൽ പാർലമെന്റ് പാസാക്കുകയുണ്ടായി.

**സുപ്രധാന കോടതി വിധികൾ**

## മതപരിവർത്തിതർക്ക് പട്ടികജാതി പദവി നഷ്ടമാകും : സുപ്രീംകോടതി

ഹിന്ദു, സിഖ്, ബുദ്ധ മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി (SC) പദവി അവകാശപ്പെടാൻ കഴിയൂവെന്നും ക്രിസ്തുമതമുൾപ്പെടെയുള്ള മറ്റ് മതങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്ന പട്ടികജാതിക്കാരുടെ പട്ടികജാതി പദവി തുടർന്നും അവകാശപ്പെടാനാവില്ലെന്നുമുള്ള ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ വിധി സുപ്രീംകോടതി ശരിവച്ചു. ജസ്റ്റിസ് പി.കെ. മിശ്ര, ജസ്റ്റിസ് എൻ.വി. അൻജരിയ എന്നിവരുടെ ബഞ്ച് 2026 മാർച്ച് 24നാണ് ഈ വിധി പ്രസ്താവിച്ചത്. 1950-ലെ ഭരണഘടന (പട്ടികജാതി) ഉത്തരവിലെ ക്ലോസ് 3 ഉദ്ധരിച്ചുകൊണ്ടുള്ളതാണ് കോടതി വിധി.


## എം. മുരളി



മുൻ നിയമസഭാംഗവും കോൺഗ്രസ് നേതാവുമായ എം. മുരളി (72) 2026 ഫെബ്രുവരി 5 ന് അന്തരിച്ചു. ഒമ്പത് മുതൽ പന്ത്രണ്ടുവരെയുള്ള കേരള നിയമസഭകളിൽ അംഗമായിരുന്ന അദ്ദേഹം 1991 മുതൽ 2011 വരെ മാവേലിക്കര മണ്ഡലത്തെ പ്രതിനിധീകരിച്ചു. കെ.എസ്.യു.വിലൂടെ രാഷ്ട്രീയ രംഗത്തെത്തിയ എം. മുരളി അഭിഭാഷകനുമായിരുന്നു. നിയമസഭയിൽ ഏറ്റവും കൂടുതൽ സ്വകാര്യ ബില്ലുകൾക്ക് അവതരണാനുമതി തേടി ഉപക്ഷേപം അവതരിപ്പിച്ചതിന്റെ റെക്കോർഡിനുടമയാണ്. കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2001-06) ചെയർമാൻ, അഖില കേരള ബാലജനസഖ്യം കേന്ദ്രകമ്മിറ്റി അംഗം, ട്രഷറർ, വൈസ് പ്രസിഡന്റ്, കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, യൂത്ത് കോൺഗ്രസ് ദേശീയ കൗൺസിൽ അംഗം, എം.ജി. സർവകലാശാലയിലെ ആദ്യ സെനറ്റ് അംഗം, കേരള സർവകലാശാല സെനറ്റ്, കെ.പി.സി.സി., എ.ഐ.സി.സി. എന്നിവയിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി പഞ്ചായത്തീരാജ് സംഘടൻ സംസ്ഥാന ചെയർമാനായിരുന്നു.

ഭാര്യ : പ്രൊഫ. കെ.എസ്. രമാദേവി, മൂന്ന് മക്കൾ.

## കെ. പി. ഉണ്ണിക്കൃഷ്ണൻ അന്തരിച്ചു



മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന കെ.പി. ഉണ്ണിക്കൃഷ്ണൻ (89) 2026 മാർച്ച് 3ന് അന്തരിച്ചു. കാൽനൂറ്റാണ്ടുകാലം (1971-96) വടകര മണ്ഡലത്തെ ലോക്സഭയിൽ പ്രതിനിധീകരിച്ചിട്ടുണ്ട്. വി.പി. സിംഗ് മന്ത്രിസഭയിൽ ടെലികമ്മ്യൂണിക്കേഷൻ, ഷിപ്പിംഗ്, ഉപരിതല ഗതാഗതം എന്നീ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി (1989-90) യായിരുന്നു. കേരളത്തിൽ ഒരേ ലോക്സഭാ മണ്ഡലത്തിൽ നിന്ന് തുടർച്ചയായി ഏറ്റവുമധികം തവണ (6 തവണ) വിജയിച്ച വ്യക്തിയാണ്. ഇറാഖ്-കുവൈത്ത് യുദ്ധകാലത്ത്, കുവൈത്തിൽ കുടുങ്ങിയ ഒന്നര ലക്ഷത്തോളം ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസഭ ഉൾപ്പെടെ നിരവധി രാജ്യാന്തര വേദികളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്. പഠനകാലത്ത് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി അംഗമായി രാഷ്ട്രീയ ജീവിതം ആരംഭിച്ച അദ്ദേഹം 1960 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമായി. പ്രമുഖ മാധ്യമ പ്രവർത്തകനായിരിക്കെയാണ് 1971 ൽ ആദ്യമായി ലോക്സഭയിലേക്ക് മത്സരിക്കുന്നത്. ലോക്സഭയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (1980-82) അംഗമായിരുന്നു. എ.ഐ.സി.സി. അംഗം (1962 മുതൽ), കോൺഗ്രസ് (എസ്) അഖിലേന്ത്യാ ജനറൽ സെക്രട്ടറി, പാർലമെന്ററി പാർട്ടി നേതാവ് (1981-84) തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

ഭാര്യ : അമൃത. രണ്ട് മക്കൾ.



# ടി.കെ. രാമകൃഷ്ണൻ : സഭാതലത്തിലെ വിപ്ലവ ജ്വാല

എട്ടു പ്രാവശ്യം കേരള നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ടി.കെ. രാമകൃഷ്ണൻ കണയന്നൂർ, തൃപ്പൂണിത്തുറ, കോട്ടയം നിയോജക മണ്ഡലങ്ങളെയാണ് പ്രതിനിധീകരിച്ചത്. വിദ്യാഭ്യാസ കാലത്തുതന്നെ പൊതു പ്രവർത്തനത്തിൽ ആകൃഷ്ടനായ അദ്ദേഹം ദേശീയ പ്രസ്ഥാനത്തിലൂടെയാണ് സജീവ രാഷ്ട്രീയത്തിലെത്തിയത്.

എറണാകുളം ജില്ലയിലെ എരൂരിൽ കുഞ്ഞാമന്റെയും കാളിക്കുട്ടിയുടെയും മകനായി 1922 ൽ ജനിച്ച ടി. കെ. രാമകൃഷ്ണൻ, എരൂരിലെ സംസ്കൃത സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ കാവ്യഭൂഷണത്തിനു ചേർന്നു. 1940 ൽ തർക്കശാസ്ത്രം പ്രധാനവിഷയമായി പഠനം തുടർന്നെങ്കിലും 1942 ലെ ക്വിറ്റ് ഇൻഡ്യാ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ കോളേജിൽ നിന്ന് പുറത്താക്കിയതിനാൽ പഠനം പൂർത്തിയാക്കാൻ സാധിച്ചില്ല. 1950 ൽ രാഷ്ട്രീയ തടവുകാരനായി ജയിലിലടയ്ക്കപ്പെട്ട അദ്ദേഹം 1954 ൽ തൃപ്പൂണിത്തുറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായാണ് പാർലമെന്ററി രംഗത്തെത്തിയത്.

അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പ്രതിനിധിയായി ഒന്നും രണ്ടും കേരള നിയമസഭകളിൽ കണയന്നൂർ മണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം) പ്രതിനിധിയായി മൂന്നും അഞ്ചും ആറും നിയമസഭകളിൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ നിന്നും എട്ടും ഒൻപതും പത്തും നിയമസഭകളിൽ കോട്ടയം മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു. അഞ്ചാം കേരള നിയമസഭയുടെ കാലത്ത് പ്രതിപക്ഷ നേതാവായിരുന്ന (13.08.1979 – 11.10.1979) ടി.കെ. രാമകൃഷ്ണൻ, ആഭ്യന്തര വകുപ്പുമന്ത്രി (25.01.1980–20.10.1981), സഹകരണവും മത്സ്യബന്ധനവും വകുപ്പുമന്ത്രി (2.4.1987–17.6.1991), സാംസ്കാരികവും മത്സ്യബന്ധനവും ഗ്രാമവികസനവും വകുപ്പുമന്ത്രി (20.5.1996–13.5.2001) എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. പൊലീസിനെ ജനസേവന സേനയാക്കി മാറ്റുന്നതിലും മഴക്കാലത്തെ യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിക്കുന്നതിലും മത്സ്യമേഖലയിൽ സഹകരണ സംഘങ്ങൾ ഫലപ്രദമാക്കുന്നതിലും സാംസ്ക്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളുടെ വിതരണവും വിൽപനയും കാര്യക്ഷമമാക്കുന്നതിലും ടി.കെ. രാമകൃഷ്ണൻ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ചെയർമാൻ (1979–81), പ്രതിപക്ഷ ചീഫ് വിപ്പ് (1991–96) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സി.പി.ഐ. (എം) കേന്ദ്ര കമ്മിറ്റി, സംസ്ഥാന സെക്രട്ടേറിയറ്റ് എന്നിവയിൽ അംഗം, എറണാകുളം (1964), കോട്ടയം (1970–78) ജില്ലാ സെക്രട്ടറി, അഖിലേന്ത്യാ കിസാൻ സഭ വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, കേരള കർഷക സംഘം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. തൊഴിലാളികളെയും കർഷകരെയും സംഘടിപ്പിച്ചിട്ടുള്ള അദ്ദേഹം നിരവധി സമരങ്ങളിൽ പങ്കെടുത്ത് പൊലീസ് മർദനവും ജയിൽവാസവും ഒളിവുജീവിതവും അനുഭവിച്ചിട്ടുണ്ട്.

'കല്ലിലെ തീപ്പൊരികൾ' (നോവൽ), 'ദേശദ്രോഹികൾ' (നാടകം) എന്നീ പുസ്തകങ്ങൾ അദ്ദേഹത്തിന്റെ കൃതികളാണ്. 2006 ഏപ്രിൽ 21 ന് അന്തരിച്ച ടി.കെ. രാമകൃഷ്ണന് 2006 ജൂൺ 29 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

ഭാര്യ : ഗൗരി, 5 മക്കളാണ്.

# കെ.എം. ഹംസക്കുഞ്ഞ് : നഗരഭരണ തലപ്പത്ത് നിന്ന് ഡെപ്യൂട്ടി സ്പീക്കർ പദവിയിലേക്ക്



കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറും കൊച്ചി കോർപ്പറേഷൻ മേയറുമായിരുന്ന വ്യക്തിയാണ് കെ.എം. ഹംസക്കുഞ്ഞ്. മൂന്നാം കരുണാകരൻ മന്ത്രിസഭയുടെ കാലത്ത് 1982 ജൂൺ 30 മുതൽ 1986 ഒക്ടോബർ 7 വരെയാണ് അദ്ദേഹം ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചത്. 1982 ൽ മട്ടാഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നാണ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പ്രതിനിധിയായി ഏഴാം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

കെ. ബി. മുഹമ്മദിന്റെയും കുഞ്ഞുബി പാത്തുവിന്റെയും മകനായി 1941 മേയ് 14 ന് എറണാകുളത്ത് ജനിച്ച ഹംസക്കുഞ്ഞ് മെട്രിക്കുലേഷൻ കഴിഞ്ഞശേഷം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലൂടെയാണ് പൊതുരംഗത്തെത്തിയത്. 1966 ൽ എറണാകുളം മുനിസിപ്പാലിറ്റിയുടെ അവസാന കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1969 ൽ കൊച്ചി കോർപ്പറേഷന്റെ ആദ്യ കൗൺസിലിലും അംഗമായി. 1973 മുതൽ രണ്ടര വർഷക്കാലം കൊച്ചി കോർപ്പറേഷൻ മേയറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിവിധ പാർട്ടികളെ പ്രതിനിധീകരിച്ച് അര നൂറ്റാണ്ടോളം കൊച്ചി നഗര സഭാംഗമായിരുന്നു.

1975 ൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ എറണാകുളം ജില്ലാ സെക്രട്ടറിയായ ഹംസക്കുഞ്ഞ് മുസ്‌ലിം ലീഗിന്റെ പ്രവർത്തക സമിതിയിലും അംഗമായിരുന്നിട്ടുണ്ട്. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും ഡയറക്ടറുമായിരുന്നു. സി.പി.ഐ., ഡി.ഐ.സി., എൻ.സി.പി. തുടങ്ങിയ പാർട്ടികളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ പദവിയിലിരിക്കേ 1986 ആഗസ്റ്റ് 1 ന് നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി ചെയർമാനായി നാമനിർദേശം ചെയ്യപ്പെട്ടെങ്കിലും 1986 ആഗസ്റ്റ് 19 ന് രാഷ്ട്രീയ കാരണങ്ങളാൽ സ്ഥാനം രാജി വയ്ക്കുകയാണുണ്ടായത്. കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും ജനകീയ പ്രശ്നങ്ങൾ സബ്മിഷനുകളിലൂടെയും ശ്രദ്ധക്ഷണിക്കലുകളിലൂടെയും സഭാതലത്തിൽ എത്തിച്ച നേതാവായിരുന്നു ഹംസക്കുഞ്ഞ്.

2021 മേയ് 13 ന് എൺപതാമത്തെ വയസിൽ അന്തരിച്ച അദ്ദേഹത്തിന് 2021 മേയ് 31 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു. നബീസയാണ് ഭാര്യ. രണ്ടു മക്കളാണ്.

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങളുമായി നിയമസഭാ സമിതി

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തെളിവെടുപ്പ് നടത്തി. തെളിവെടുപ്പ് വേളയിൽ കണ്ടെത്തിയ അപാകതകളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് തയ്യാറാക്കിയ സമിതി (2023-26)യുടെ എഴുപത്തിയെട്ടാമത് റിപ്പോർട്ട് ചെയർപേഴ്സൺ ടി. പി. രാമകൃഷ്ണൻ എം.എൽ.എ. 2026 ഫെബ്രുവരി 23 ന് സഭയിൽ സമർപ്പിച്ചു.




തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മേൽനോട്ടം വഹിക്കണമെന്നും സമിതി നിർദേശം നൽകി. ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നിരീക്ഷണം നടത്തണമെന്നും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനും ഓഡിറ്ററുമായി ആശയ വിനിമയം നടത്തി മാത്രം സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വ്യവസ്ഥ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിഗണിക്കണമെന്ന് സമിതി നിർദേശിച്ചു. സമിതിയുടെ ശിപാർശകളും തുടർ നടപടികളും നിരീക്ഷിക്കുവാനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് സാങ്കേതിക സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഓഡിറ്റ് പരാമർശങ്ങൾ ലഭിച്ച് രണ്ടുമാസത്തിനകം ആയത് പരിശോധിച്ച് ന്യൂനത പരിഹരിക്കുന്നതിനും പെർഫോമൻസ് ഓഡിറ്റ് വിഭാഗം, പ്രധാനപ്പെട്ട രജിസ്റ്ററുകൾ യഥാവിധം ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിച്ചു.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബാധ്യത സംബന്ധമായ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കണമെന്നും അത് ഓൺലൈൻ സംവിധാനത്തിൽ കൂടി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു. കൂടാതെ ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിനെ തുടർന്ന് ബന്ധപ്പെട്ട ജീവനക്കാരുടെ ജിസ്പാർക്ക്/സ്പാർക്ക് അക്കൗണ്ടിൽ പ്രസ്തുത ബാധ്യതാവിവരം ഉൾപ്പെടുത്തുന്നതിനും തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനും അതത് എക്സിക്യൂട്ടീവ് അതോറിറ്റിയെ ചുമതലപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്തു.

കെ-സ്മാർട്ട് സോഫ്റ്റ് വെയറിലെ നിലവിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും മാർഗനിർദേശങ്ങളും രൂപപ്പെടുത്തുന്നതിനും പഞ്ചായത്ത്‌രാജ്/നഗരപാലികാ ആക്ടിൽ ശരിയായ വ്യവസ്ഥകളുടെ അഭാവം പരിഹരിക്കുന്നതിനുമായി നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തുന്നതിലേക്കായി ജോയിന്റ് കമ്മിറ്റി രൂപീകരിക്കാൻ സമിതി ശിപാർശ ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരവും ഫണ്ടും നിർവഹണച്ചുമതലയും ഏല്പിക്കുമ്പോൾ അതിനനുസൃതമായി ജീവനക്കാരെ വിന്യസിക്കണമെന്ന് സമിതി നിർദേശിച്ചു.

സാമാജികരായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. എൻ. ജയരാജ്, കെ.പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ, ടി.ഐ. മധുസൂദനൻ, എ.സി. മൊയ്തീൻ, മോൻസ് ജോസഫ്, ഐ.ബി. സതീഷ്, ഇ.കെ. വിജയൻ, പി.സി. വിഷ്ണുനാഥ് എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.

# മലയാളഭാഷയ്ക്ക് പ്രാമുഖ്യം നൽകണം : റ്റി.റ്റി. കേശവൻ ശാസ്ത്രി



തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിൽ 1937 ആഗസ്റ്റ് 4 ന് നിർദ്ദിഷ്ട തിരുവിതാംകൂർ സർവകലാശാലയിൽ മലയാളഭാഷയ്ക്ക് ആവശ്യമായ പ്രാധാന്യം നൽകണമെന്നാവശ്യപ്പെടുന്ന പ്രമേയം അവതരിപ്പിച്ച് റ്റി.റ്റി. കേശവൻ ശാസ്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്.....

*സർ, ചുവടെ ഉദ്ധരിക്കുന്ന പ്രമേയത്തെ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.*

*This Assembly recommends to the Government that provision be made for giving the necessary prominence and importance to Malayalam in the proposed University.*

*സർ,'തിരുവിതാംകൂറിന് സ്വന്തമായി ഒരു യൂണിവേഴ്സിറ്റി ഉണ്ടാകാൻ പോകുന്ന ഈ സന്ദർഭം പ്രത്യേകിച്ച് മലയാളികൾക്ക് അധികം സന്തോഷം നൽകുന്നതാണല്ലോ. നമ്മുടെ തിരുവിതാംകൂറിന്റെ മാതൃഭാഷ മലയാളമാണെന്നും, ഈ രാജ്യവാസികളിൽ ഭൂരിഭാഗവും മലയാള ഭാഷാ വ്യവഹാരം കൊണ്ട് ജീവിതം ചെയ്യുന്നവരാണെന്നുമുള്ള വിവരം പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. അന്യഭാഷകളെ അതായത് ഇംഗ്ലീഷ് മുതലായ ഭാഷകളെപ്പോലെ മലയാള ഭാഷയ്ക്കും മലയാള സാഹിത്യത്തിനും പൂർവ്വാധികം മേന്മയും അഭിവൃദ്ധിയും വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും സ്മരണീയമായ ഒരു സംഗതിയാകുന്നു. യൂണിവേഴ്സിറ്റി സ്ഥാപനത്തോടുകൂടി തിരുവിതാംകൂറിന് ഉണ്ടാകാവുന്ന വിവിധങ്ങളായ അഭിവൃദ്ധി മാർഗ്ഗങ്ങളെ ഗണിക്കുമ്പോൾ മാതൃഭാഷയായ മലയാളത്തിനും കൂടി പ്രമാണ്യവും സ്ഥാനവും നൽകാൻ ഗവൺമെന്റ് ഒന്നുകൂടി ദയാപൂർവ്വം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.*

*വളരെക്കാലത്തിനു മുൻപുമുതൽ മലയാളഭാഷയുടെയും മലയാള സാഹിത്യത്തിന്റെയും പടിപടിയായുള്ള അഭിവൃദ്ധിക്കുവേണ്ടി എത്രയോ ആളുകൾ നിരന്തരം പരിശ്രമിക്കുകയും അവരിൽ ഓരോരുത്തരുടെയും പരിശ്രമത്തിന്റെ ഫലമായി മലയാള ഭാഷയും സാഹിത്യവും ഏറ്റവും മുന്നണിയിൽ എത്തുകയും ചെയ്തിട്ടുള്ളതാണല്ലോ. ഭാഷാഭിവൃദ്ധിക്കുവേണ്ടി ഈ നാട്ടിലുള്ള എത്രയോ കവികളും കവിയത്രികളും സാഹിത്യപ്രവർത്തകന്മാരും അക്ഷീണ പരിശ്രമം ചെയ്തുപോരുന്നുണ്ടെന്നുള്ള സംഗതിയോർത്താൽ മലയാളികളായ സകല ആളുകളും*

പുളകിതരാകുന്നതാണ്. ഭാഷാ പോഷണത്തിനുവേണ്ടി നിരന്തരം ചെയ്തുപോരുന്ന പരിശ്രമങ്ങൾ നിശ്ചയമായും ഈ രാജ്യത്തിന്റെ സവിശേഷമായ കീർത്തികൾക്ക് ഒരുത്തമ ഹേതുവും കൂടി ആണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പൊതുവേ പറയുന്നതായാൽ മലയാളത്തിന്റെ അഭിവൃദ്ധിയെ കാംക്ഷിക്കുകയും അതിനെ യൂണിവേഴ്സിറ്റിയോടുകൂടി ഘടിപ്പിച്ച് വേണ്ട പരിഷ്കാരങ്ങൾ നൽകി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണമെന്ന് നിർബന്ധിക്കുമ്പോൾ മലയാള ഭാഷയുടെ ഇന്നത്തെ അഭിവൃദ്ധിക്കും ശാശ്വതമായ നിലനില്പിനും സഹായിച്ചുപോരുന്ന ഇതര ഭാഷകളെക്കൂടി സംയോജിപ്പിച്ച് ചിലതു പറയേണ്ടതായിട്ടുണ്ട്. 'സംസ്കൃത ഹിമഗിരിഗളിതാ ദ്രാവിഡ ഭാഷ കളിന്ദജമിളിതാ കേരള ഭാഷാ ഗംഗാ വിഹരിതു' എന്ന് പണ്ഡിതന്മാരായ കവികൾ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്കൃതത്തിന്റെയും തമിഴിന്റെയും സുദൃഢമായ സഹായത്തോടുകൂടി മലയാള ഭാഷ മറ്റുള്ള ഭാഷകളെപ്പോലെ ഇന്ന് ഒര് ഒന്നാന്തരം സാഹിതീ ഭാഷയായി പ്രശോഭിച്ചുവരികയാണ്. എത്രയെത്ര കവികൾ മലയാള ഭാഷാപോഷണത്തിന് ശ്രമിച്ചിട്ടുണ്ടെന്നും എത്രയെത്ര കവികൾ ഇന്ന് അതിലേക്കു ശ്രമിച്ചുവരുന്നുണ്ടെന്നുമുള്ള സംഗതി മലയാളിയുടെ അഗാധമായ സ്മൃതി പഥത്തിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകാൻ പാടില്ലാത്തതാകുന്നു. മലയാളത്തിന്റെ ഉല്ക്കടമായ അഭിവൃദ്ധിയെ കാംക്ഷിക്കുമ്പോൾ സംസ്കൃതത്തിന്റെയും തമിഴിന്റെയും വളർച്ചയ്ക്കു വേണ്ട നിർദ്ദേശങ്ങൾകൂടി ചെയ്യേണ്ടതാവശ്യമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. നമ്മുടെ രാജ്യത്ത് ഭാഷാപോഷണ വിഷയത്തിൽ ഒട്ടും കുറവല്ലാതെയുള്ള സഹായങ്ങളാണ് സംസ്കൃതത്തെയും തമിഴിനെയും സംബന്ധിച്ചും കണ്ടുവരുന്നത്. സംസ്കൃതഭാഷാ പോഷണത്തിനായി സംസ്കൃത കോളേജുകളും ഹൈസ്കൂളുകളും തഥാപി തമിഴ്ഭാഷാ പരിപോഷണത്തിനായി തമിഴ് സ്കൂളുകളും ഇവിടെ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയോടുകൂടി മുന്നോട്ടു പോരുന്ന സംസ്കൃതത്തിന്റെയും തമിഴിന്റെയും മലയാളത്തിന്റെയും ശരിയായ നിലനിൽപിനും പരിപോഷണത്തിനും വിധേയമാക്കി യൂണിവേഴ്സിറ്റി മുന്നോട്ടു പോയാൽ അതൊരു വലിയ സഹായവും അനുഗ്രഹവും തന്നെയായിരിക്കുന്നതാണ്. വളരെ മുൻപുമുതൽക്കുതന്നെ നമ്മുടെ രാജകുടുംബാംഗങ്ങൾ മലയാള ഭാഷാപോഷണ വിഷയത്തിൽ താല്പര്യത്തോടുകൂടി പലതും പ്രവർത്തിച്ചുകൊണ്ടിരുന്നതായി നമുക്കറിയാം. ദിവംഗതരായ പല മഹാരാജാക്കന്മാരും വളരെ മുൻപുമുതൽക്കുതന്നെ മലയാള ഭാഷാപോഷണ വിഷയത്തിൽ പ്രവർത്തിച്ചിരുന്ന കവികൾക്കും കവിയത്രികൾക്കും സ്ഥാനമാന ധനധാന്യാദികൾ കൊടുത്തു സഹായിച്ചുവന്നിരുന്നു. ഉണ്ണായി വാര്യർ, കുഞ്ചൻനമ്പ്യാർ മുതലായ സുപ്രസിദ്ധരായ കവികൾക്ക് മഹാരാജാക്കന്മാരും രാജകുടുംബാംഗങ്ങളും ചെയ്തിട്ടുള്ള വിലയേറിയ സഹായങ്ങൾ, മലയാള ഭാഷാപോഷണത്തിനായി ഇന്നു നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സകല ആളുകളുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. ഇന്ന് മലയാള സാഹിത്യാഭിവൃദ്ധിക്കായി പരിശ്രമിച്ചുവരുന്ന എത്രയോ യുവ കവികളും യുവ സാഹിത്യകാരന്മാരും നമ്മുടെ മുന്നണിയിൽ ഉണ്ട്.

സർ, മലയാളഭാഷ യൂണിവേഴ്സിറ്റിയോടുകൂടി സംഘടിപ്പിക്കുന്നപക്ഷം വിവിധ മാർഗ്ഗങ്ങളിൽ പൊതുവേ പ്രോത്സാഹനത്തിനും പ്രവർത്തനത്തിനും കാരണമായിത്തീരുന്നതിനും പുറമേ മലയാളികളുടെ ഉദ്ബുദ്ധതയ്ക്കതു വലിയ സഹായമായിത്തീരുന്നതുമാണ്. നമ്മുടെ മഹാരാജാവ് തിരുമനസ്സുകൊണ്ട് മലയാള ഭാഷാപോഷണത്തിനുവേണ്ടി പരിശ്രമിച്ചുവരുന്ന പല കവികളെയും സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതായി കഴിഞ്ഞ പലേ സംഭവങ്ങളിൽ നിന്നും നമുക്കേവർക്കും അറിയാവുന്നതാണല്ലോ. മലയാള സാഹിത്യ ലോകത്തിൽ സ്ഥിര പ്രതിഷ്ഠിതനും വിവിധ ഭാഷാ പണ്ഡിതനും ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിൽ നിന്നും മഹാകവി ബിരുദം സമ്പാദിച്ചു കീർത്തനീയനുമായ ഉള്ളൂരിനെപ്പോലെയുള്ള കവിലോകവും യുവസാഹിതീലോകവും പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ പരിശ്രമങ്ങൾക്ക് യൂണിവേഴ്സിറ്റി കൊണ്ട് ഗണ്യമായ അഭിവൃദ്ധി ഉണ്ടാക്കിക്കൊടുക്കേണ്ടത് ഗവൺമെന്റിന്റെ ഒരു ധർമ്മവുമാകുന്നു. അതിനാൽ യൂണിവേഴ്സിറ്റി കൊണ്ട് മലയാള ഭാഷയ്ക്കു കൂടുതൽ പ്രോത്സാഹനം നൽകുന്ന വിഷയത്തിൽ ഗവൺമെന്റും സ്പെഷ്യലാഫീസറും പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ സഭയുടെ അംഗീകാരത്തിനായി സാദരം സമർപ്പിച്ചുകൊള്ളുന്നു.

**റ്റി.റ്റി. കേശവൻ ശാസ്ത്രി**
തിരു–കൊച്ചി നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കറായിരുന്ന (1951) റ്റി.റ്റി. കേശവൻ ശാസ്ത്രി 1952 ൽ രാജ്പ്രമുഖിന്റെ നിർദ്ദേശപ്രകാരം സ്പീക്കറുടെ താല്ക്കാലിക ചുമതല വഹിച്ചിട്ടുണ്ട്. ശ്രീമൂലം അസംബ്ലിയിലേക്ക് മൂന്നുതവണ നാമനിർദ്ദേശം (1933–47) ചെയ്യപ്പെട്ടിട്ടുള്ള അദ്ദേഹം തിരുവിതാംകൂർ നിയമസഭയിലും (1948–49) തിരു–കൊച്ചി നിയമസഭയിലും (1949–56) അംഗമായിരുന്നു. സംസ്കൃത പണ്ഡിതനായിരുന്ന കേശവൻ ശാസ്ത്രി തിരുവിതാംകൂർ വിദ്യാഭ്യാസ ഉപദേശക അംഗവുമായിരുന്നു. മലയാളത്തിലും സംസ്കൃതത്തിലും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സാമൂഹ്യ പരിഷ്കർത്താവായിരുന്ന അയ്യൻ കാളിയുടെ ജാമാതാവാണ്.




# 2023 ലെ കേരള കന്നുകാലിത്തീറ്റ – കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ് (2023 ലെ 27)



**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

## നിയമനിർമ്മാണത്തിലെ പുതുവഴികൾ

കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ ഉൽപാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. സംസ്ഥാനത്ത് നിലവാരം കുറഞ്ഞ കന്നുകാലിത്തീറ്റയും മറ്റ് തീറ്റ വസ്തുക്കളും വിതരണം ചെയ്തുവരുന്ന സാഹചര്യത്തിൽ കർഷകരുടെ താൽപര്യം സംരക്ഷിക്കുന്ന വിധത്തിൽ ഉചിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയുള്ളതിനാൽ ആയതിലേക്ക് ഒരു നിയമനിർമ്മാണം ഉദ്ദേശിക്കുന്നതായി 2021 ജനുവരി 8 ാം തീയതി നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു.

സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമായി കന്നുകാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന രണ്ട് സ്ഥാപനങ്ങളാണ് മിൽമയും കേരള ഫീഡ്സും. എന്നാൽ കേരളത്തിലെ കർഷകരുടെ കന്നുകാലിത്തീറ്റ ആവശ്യകതയുടെ അൻപത് ശതമാനത്തിൽ താഴെ മാത്രമേ ഈ രണ്ടു സ്ഥാപനങ്ങൾക്കുമായി നിറവേറ്റാൻ സാധി

ക്കുന്നുള്ളൂ. കൂടാതെ, കന്നുകാലി ത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. അസംസ്കൃത വസ്തുക്കൾ ഓരോന്നിന്റെയും ഗുണനിലവാരം ഉൽപാദനപ്രക്രിയയ്ക്ക് മുമ്പായി ഉറപ്പുവരുത്തേണ്ടതുമുണ്ട്.

മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള തീറ്റകൾക്ക് പുറമെ സ്വകാര്യ മേഖലകളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കന്നുകാലിത്തീറ്റകളും കോഴി ത്തീറ്റകളും കേരളത്തിൽ ലഭ്യമാകു ന്നുണ്ട്. കൂടാതെ, ബദൽ തീറ്റക ളായ ചോളപ്പൊടി, വിവിധതരം പിണ്ണാക്കുകൾ, ഗോതമ്പ്, തവിട്, ഫീഡ് സപ്ലിമെന്റുകൾ എന്നിവയും വിപണിയിൽ സുലഭമാണ്. ഇത്തരം തീറ്റകളിൽ മായം ചേർക്കുന്നുണ്ടോ എന്ന് കണ്ടെ ത്തുക ദുഷ്കരമാണ്. ഈ സാഹ ചര്യത്തിലാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതോ വിപണനം നടത്തുന്നതോ ആയ കന്നുകാലി ത്തീറ്റകൾക്കും കോഴിത്തീറ്റ കൾക്കും മറ്റ് അനുബന്ധത്തീറ്റ കൾക്കും ഗുണനിലവാരം ഉറപ്പാ ക്കുന്നതിനായി ഒരു നിയമ നിർമ്മാണം ആവശ്യമായി ത്തീർന്നത്.

## ബില്ലിന്റെ നാൾവഴി

2022 ലെ കേരള കന്നുകാലി ത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപ്പ നയും നിയന്ത്രിക്കൽ) ബിൽ എന്ന പേരിലുള്ള ബിൽ 2022 ആഗസ്റ്റ് 17 ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ആഗസ്റ്റ് 24 ാം തീയതി സഭയിൽ അവതരിപ്പിച്ച് ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷയായ പ്രസ്തുത സെലക്റ്റ് കമ്മിറ്റിയിൽ മറ്റ് 14 നിയമസഭാംഗങ്ങളാണ് ഉണ്ടായി രുന്നത്.

സമിതിയുടെ പ്രഥമയോഗം 2022 ഒക്ടോബർ 11 ാം തീയതി ചേരുകയും പൊതുജനങ്ങൾ, ജന പ്രതിനിധികൾ, ക്ഷീരകർഷക സംഘടനാ പ്രതിനിധികൾ, ക്ഷീര സഹകരണ സംഘം പ്രതിനിധി കൾ, വെറ്ററിനറി മേഖലയിലെ വിദഗ്ധർ എന്നിവരിൽനിന്നും നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുവാനും അതിനായി യോഗങ്ങൾ ചേരാനും തീരുമാനി ക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റി 2022 ഒക്ടോബർ 27, നവം ബർ 3, 9, 24, 2023 ഏപ്രിൽ 20, ജൂലൈ 13 എന്നീ തീയതികളിൽ തിരുവനന്തപുരം, വയനാട്, പാല ക്കാട്, കൊല്ലം, എറണാകുളം എന്നിവിടങ്ങളിലായി എല്ലാ ജില്ല കളെയും ഉൾപ്പെടുത്തി തെളി വെടുപ്പ് യോഗങ്ങൾ ചേരുകയും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തിയിട്ടുള്ള പഞ്ചാബ്, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ കമ്മിറ്റി സന്ദർശിക്കുകയും അവിട ങ്ങളിലെ സാമാജികരും വിദഗ്ധരു മായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് 2023 ജൂലൈ 24 ാം തീയതി തൃശൂർ മണ്ണുത്തി വെറ്ററിനറി കോളേജിൽവച്ച് ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെ ടുത്തി ശിൽപ്പശാല നടത്തുകയും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. ബില്ലിലെ വ്യവസ്ഥകൾ സംബ ന്ധിച്ച് മേൽപ്പറഞ്ഞ യോഗങ്ങ ളിലും ശിൽപ്പശാലയിലും ഉയർന്നു വന്ന നിർദേശങ്ങളും അഭിപ്രായ ങ്ങളും 2023 ആഗസ്റ്റ് 1, 2 തീയതി കളിൽ ചേർന്ന കമ്മിറ്റി യോഗങ്ങ ളിൽ വിശദമായി ചർച്ച ചെയ്യു കയും ആവശ്യമായ ഭേദഗതികൾ നിർദേശിക്കുകയും ചെയ്തു.

സെലക്റ്റ് കമ്മിറ്റി നടത്തിയ ഒട്ടനവധി ശിപാർശകൾ സഭ അംഗീകരിച്ചതിന്റെ കൂട്ടത്തിൽ അംഗീകരിക്കപ്പെട്ട മറ്റൊരു ഭേദ ഗതിയുടെ അടിസ്ഥാനത്തിലാണ് ബില്ലിന്റെ പേര് ഇന്നത്തെ രൂപ ത്തിൽ ആയിത്തീർന്നത്. സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള ബിൽ 2023 സെപ്റ്റംബർ പതിമൂന്നാം തീയതി സഭ പരിഗ ണിക്കുകയും അന്നുതന്നെ പാസാ ക്കുകയും ചെയ്തു. സഭ പാസാ ക്കിയ ബില്ലിന് 2023 നവംബർ 12 ാം തീയതി ഗവർണ്ണറുടെ അനുമതിയും ലഭ്യമായി.

## കർഷക സൗഹൃദം

കേരളത്തിൽ ഏകദേശം 8,50,000 ക്ഷീരകർഷകരും 3600 ക്ഷീരസഹകരണ സംഘങ്ങളു മുണ്ട്. കേരളത്തിൽ നിന്നുള്ള 2.5 ലക്ഷം പേർ ക്ഷീര സഹകരണ സംഘങ്ങളിലെ അംഗങ്ങളാണ്. നിലവിൽ കറവപ്പശുക്കളുടെ എണ്ണം 6.4 ലക്ഷമാണ്. കേരള ത്തിൽ ഒരു പശുവിൽനിന്ന് ലഭിക്കുന്ന ശരാശരി പാലിന്റെ അളവ് 10.2 ലിറ്ററാണ്. ഇന്ത്യയിൽ പാലുൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം പഞ്ചാബും രണ്ടാം സ്ഥാനത്ത് കേരളവുമാണ്. പഞ്ചാ ബിനെപ്പോലെ ഉല്പാദനക്ഷമത കൈവരിക്കാൻ കേരളത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. പഞ്ചാബും രാജസ്ഥാനും ഹരിയാനയും ആന്ധ്രാപ്രദേശും പോലുള്ള ഒരു സംസ്ഥാനമല്ല കേരളം. ജനങ്ങൾ തിങ്ങിനിറഞ്ഞു താമസിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ആയതിനാൽ ഇവിടെ വിപുല മായി തീറ്റപ്പുൽകൃഷി ഉൾപ്പെടെ യുള്ളവ കൃഷി ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. കേരള ഫീഡ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന ഫീഡു കളാണ് കേരളത്തിൽ ഇന്ന് കൂടുതൽ കർഷകരും വാങ്ങുന്നത്. എന്നാൽ, കേരളത്തിൽ സർക്കാർ മേഖലയിൽ കാലിത്തീറ്റ ഉല്പാദി പ്പിക്കുന്നത് കേരള ഫീഡ്സ് ലിമി റ്റഡും മിൽമയുമാണ്. ഇതിനാ യുള്ള അസംസ്കൃത വസ്തുക്കൾ മുഴുവൻ വാങ്ങുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്നാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ വില കൊടുത്ത് ഫീഡു കൾ വാങ്ങുകയോ അല്ലെങ്കിൽ അസംസ്കൃത വസ്തുക്കൾ കേരള

ത്തിൽ കൊണ്ടുവന്ന് ഫീഡാക്കി മാറ്റുകയോ ചെയ്യുമ്പോഴുള്ള അതിന്റെ വില വളരെ കൂടുതലാവുന്നുണ്ട്.

കേരള ഫീഡ്സിന്റെ 'മിടുക്കി' എന്ന പേരിലുള്ള കാലിത്തീറ്റയ്ക്ക് വിലക്കുറവാണ്. കന്നുകാലിത്തീറ്റയിലെയും കോഴിത്തീറ്റയിലെയും ഒരു പ്രധാന ചേരുവയാണ് ചോളം. കേരളത്തിൽ ചോളം ഫലപ്രദമായി കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ചെറിയ രീതിയിൽ ചോളം കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ അസംസ്കൃത വസ്തുക്കളുടെ ഉൽപാദനത്തിൽ വർധനവ് ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. ആകെ 15 ഏക്കർ സ്ഥലത്താണ് ചോളം കൃഷി ചെയ്യാൻ സാധിച്ചത്. ആ 15 ഏക്കറിൽ കൃഷി ചെയ്യാൻ പുതിയ സംരംഭകർ വരികയും അവർക്ക് കൃഷിക്കുള്ള സംവിധാനം ഒരുക്കുകയും ചെയ്തതിലൂടെ 10500 കിലോ ചോളം ലഭ്യമാവുകയും ചെയ്തു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സ് ലിമിറ്റഡിനെ ഉയർത്തിക്കൊണ്ട് വരണമെങ്കിൽ ഫീഡ്സിന്റെ വില വർധിപ്പിക്കണം. അത്രത്തോളം വില വർധിപ്പിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്.

കേരളത്തിനൊരു കന്നുകാലി പ്രജനന നയമുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സങ്കരവർഗ്ഗം പശുക്കളുള്ള സംസ്ഥാനം കേരളമാണ്. ഇപ്പോൾ കന്നുകാലി ബീജം കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങൾക്കുകൂടി കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. ഇന്ന് കേരളത്തിലെ പശുക്കളിൽ ഏകദേശം 90 ശതമാനവും സങ്കരയിനമാണ്. ഈ ഒരു കാരണത്താലാണ് പാലിന്റെ ഉല്പാദനക്ഷമതയിൽ വർധനവുണ്ടായത്. ഇന്ത്യ പാലുല്പാദന രംഗത്ത് മെച്ചപ്പെട്ടാണ് നിൽക്കുന്നത്. പാലുൽപ്പാദനം വർധിപ്പിക്കുന്നതിന് ഗുണമേന്മയുള്ളതും പെൺകിടാവു മാത്രം ജനിക്കുന്നതുമായ സെക്സ് സോർട്ടഡ് ബീജം ലഭ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു പശു പ്രസവിച്ചാൽ പെൺകിടാവു തന്നെ ജനിക്കുവാനുള്ള സംവിധാനം കേരളത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു. ഇതെല്ലാം ആധുനിക സാങ്കേതികവിദ്യയിൽ ഉൾപ്പെടുന്നതാണ്. കേരള ഫീഡ്സ് ലിമിറ്റഡിന് ഗവൺമെന്റ് കൂടുതൽ സഹായം നൽകിയാൽ ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രസർക്കാർ അതിനു തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ കേരളത്തിൽ ഒരു വലിയ മാറ്റം സൃഷ്ടിക്കാൻ സാധിക്കും. ആ മാറ്റം കേരള ഗവൺമെന്റിന്റെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കുന്നുണ്ട്.

### നിയമത്തിലെ വ്യവസ്ഥകൾ കുറ്റമറ്റത്.... നടപ്പാകുന്നത് വൈകുന്നു '

കന്നുകാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ധാതു ലവണ മിശ്രിതത്തിന്റെയും വിതരണ വിപണന നടപടികൾ നിയന്ത്രിക്കുന്ന ഒരു നിയമമെന്ന നിലയിൽ എല്ലാ അർത്ഥത്തിലും ശക്തമായ വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള കോമ്പൗണ്ട് ഫീഡിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കേണ്ട തീറ്റയുടെ ചേരുവകളിൽ ഉൾപ്പെടുത്താവുന്ന വസ്തുക്കളെ സംബന്ധിച്ച് മൂന്നാം വകുപ്പിലും ധാതുലവണം നിർമ്മിക്കുന്നതിനുള്ള ലവണ രൂപത്തിലുള്ള ചേരുവകളെ സംബന്ധിച്ച് നാലാം വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ മേൽപ്പറഞ്ഞ വസ്തുക്കളുടെ നിർമ്മാണത്തിനോ സംഭരണത്തിനോ വിതരണം ചെയ്യുവാനോ വിൽപ്പന നടത്തുവാനോ പ്രത്യേക ലൈസൻസ് അനിവാര്യമാണെന്ന് 5ാം വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാര നിയന്ത്രണം, പാക്കിംഗ്, ലേബലിംഗ് എന്നിവ സംബന്ധിച്ചും വ്യക്തവും ശക്തവുമായ പ്രത്യേക വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ലൈസൻസിംഗ് അതോറിറ്റിയായി മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെയോ ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെയോ സർക്കാർ നിയോഗിക്കേണ്ടതാണ്. നിയമലംഘനം തെളിയിക്കപ്പെടുന്ന പക്ഷം നൽകേണ്ട ശിക്ഷാ നടപടികൾ സംബന്ധിച്ച വ്യവസ്ഥകളും നിയമത്തിന്റെ ഭാഗമായി ചേർത്തിരിക്കുന്നു. അതുപോലെ ഈ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരവും സർക്കാരിന് നൽകിയിരിക്കുന്നു.

### നടപ്പാകുന്നതിലെ കാലതാമസത്തിന് ന്യായീകരണമുണ്ടോ?

മറ്റ് കാർഷികവൃത്തികളിൽ നിന്നും വ്യത്യസ്തമായി നിരന്തര ശ്രദ്ധയും അദ്ധ്വാനവും അനിവാര്യമായ ഒരു മേഖലയാണ് കന്നുകാലി പരിപാലനവും കോഴി വളർത്തലും പോലുള്ള തൊഴിലുകൾ. അതുകൊണ്ടുതന്നെ സർക്കാരിന്റെ പ്രത്യേക പരിഗണന ഈ രംഗത്ത് ഉണ്ടാവേണ്ടതുണ്ട്. മുൻകാലങ്ങളിൽ ഇതര കാർഷിക രംഗങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകിയിരുന്നെങ്കിലും ക്ഷീര കർഷകർക്ക് നൽകിവരുന്ന സഹായങ്ങളെ സംബന്ധിച്ച് പരിശോധിച്ചാൽ അവ ഒരുതരത്തിലും പര്യാപ്തമായിരുന്നില്ല എന്ന് കാണാവുന്നതാണ്. സംസ്ഥാനത്ത് ഒരു വർഷം 31.4

ലക്ഷം മെട്രിക് ടൺ പാൽ ആവശ്യമായ സ്ഥാനത്ത് 25.32 ലക്ഷം മെട്രിക് ടൺ പാൽ മാത്രമാണ് ഉൽപാദിപ്പിക്കപ്പെടുന്നത് എന്നാണ് ഒരു ഏകദേശ കണക്ക്. ഈ അവസ്ഥ മുതലെടുത്ത് വിദേശരാജ്യങ്ങളിൽനിന്നും പാലുൽപ്പന്നങ്ങളും തീറ്റ ഉൽപന്നങ്ങളും യാതൊരു നിയന്ത്രണവും ഇല്ലാതെ ഇറക്കുമതി ചെയ്യപ്പെട്ടാൽ സംസ്ഥാനത്തെ കർഷകരുടെ ഭാവി അനിശ്ചിതത്തിലാവുമെന്ന കാര്യത്തിൽ സംശയമില്ല.

ഇത്തരത്തിലുള്ള സാഹചര്യത്തിലാണ് സംസ്ഥാനത്തെ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ ഉൽപാദന വിതരണ നിലവാരം പരിപാലിക്കുക എന്ന മുഖ്യ ഉദ്ദേശ്യത്തോടെ നിർമ്മിക്കപ്പെട്ട ഈ നിയമം നിലവിൽ വന്നത്. നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ഇതിനകം പുറപ്പെടുവിക്കപ്പെട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. തികച്ചും സദുദ്ദേശ്യത്തോടെ നിർമ്മിക്കപ്പെട്ട ഈ നിയമം നടപ്പാക്കുന്ന കാര്യത്തിൽ ചട്ടങ്ങളുടെ അഭാവത്തിന്റെ പേരിൽ ഇനിയും കാലതാമസം വരുത്തിയാൽ അത് ഈ രംഗത്ത് പ്രവർത്തിക്കുന്നവരോട് കാണിക്കുന്ന കടുത്ത അവഗണനയും അനീതിയുമായി വിലയിരുത്തപ്പെടാവുന്നതാണ്. അത്തരത്തിലൊരു സാഹചര്യം ഒഴിവാക്കപ്പെടട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം

*(തുടരും...)*

## പശ്ചിമേഷ്യൻ യുദ്ധവും പ്രതിസന്ധിയും



പശ്ചിമേഷ്യയിലെ യുദ്ധം മേഖലയിൽ സൃഷ്ടിക്കുന്ന നാശനഷ്ടങ്ങൾക്ക് പുറമേ ആഗോളതലത്തിലും പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുകയാണ്. 2026 ഫെബ്രുവരി 28 ന് ഇസ്രയേലും അമേരിക്കയും സംയുക്തമായി ഇറാന്റെ തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ ആക്രമണം നടത്തിയതിനെ തുടർന്നുണ്ടായ യുദ്ധത്തിന്റെ ഫലമായി പശ്ചിമേഷ്യയാകെ ഭീതിദമായ സാഹചര്യം സംജാതമായിരുന്നു. ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖൊമേനിയും നിരവധി ഉന്നത നേതാക്കളും സൈനിക ആക്രമണത്തിൽ വധിക്കപ്പെട്ടു. ഗൾഫ് മേഖലയിലെ വിവിധ രാജ്യങ്ങളിലുള്ള അമേരിക്കൻ സൈനിക താവളങ്ങളിൽ ഉൾപ്പെടെ ശക്തമായ പ്രത്യാക്രമണം ഇറാൻ നടത്തിവരികയാണ്. ഇസ്രയേലിലെ വിവിധ നഗരങ്ങളിലും മുമ്പെങ്ങുമില്ലാത്തവിധം ഇറാൻ മിസൈൽ ആക്രമണം നടത്തുന്നുണ്ട്. പശ്ചിമേഷ്യൻ മേഖലകളിൽ പലയിടങ്ങളിലും വ്യോമപാതകൾ അടച്ചതിനെ തുടർന്ന് വിമാന സർവ്വീസുകൾ റദ്ദാക്കിയതിനാൽ അവധിക്ക് നാട്ടിലെത്തിയ പ്രവാസികളുടെ മടക്കയാത്രയും നാട്ടിലേക്കുള്ള പ്രവാസികളുടെ വരവും പ്രതിസന്ധി നേരിടുന്നുണ്ട്. ഗൾഫ് മേഖലയിൽ നിന്നും സമുദ്ര പാത മുഖേന കയറ്റുമതി ചെയ്യപ്പെടുന്ന ക്രൂഡോയിലിന്റെ ഭൂരിഭാഗവും ഹോർമൂസ് കടലിടുക്കിലൂടെയാണ് ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽ എത്തുന്നത്. ഇതുവഴിയുള്ള കപ്പൽ ഗതാഗതം അപകടകരമായതോടെ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള ക്രൂഡോയിൽ, പ്രകൃതി വാതകം എന്നിവയുടെ വിതരണ ശൃംഖല തടസ്സപ്പെട്ടതോടെ യുദ്ധത്തിന്റെ കെടുതികൾ കേരളത്തിലെ സാധാരണ ജനജീവിതത്തിലും സാരമായി പ്രതിഫലിച്ചു. വാണിജ്യ ആവശ്യത്തിനുള്ള പാചകവാതക ദൗർലഭ്യം സംസ്ഥാനത്ത് പലയിടങ്ങളിലും പാചകശാലകൾ അടയ്ക്കുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. യുദ്ധം അനിശ്ചിതമായി നീണ്ടുപോയാൽ പെട്രോൾ/ഡീസൽ മുതലായ ഉത്പ്പന്നങ്ങളുടെ വില വർദ്ധിക്കുവാനും തത്ഫലമായി എല്ലാ വിധത്തിലുമുള്ള ദൈനംദിന അവശ്യവസ്തുക്കളുടെയും വില ക്രമാതീതമായി വർദ്ധിക്കുവാനുമുള്ള സാധ്യതയും വിരളമല്ല.



# നിയമനിർമ്മാണ സഭകളിൽ ഗവൺമെന്റിന്റെ നയപ്രഖ്യാപനം

**ശ്യാം കെ. എസ്.**
അണ്ടർ സെക്രട്ടറി

'നിയമസഭയെ ബഹുമാനപ്പെട്ട ഗവർണ്ണർ അഭിസംബോധന ചെയ്തുകൊണ്ട് നടത്തുന്നത് ഗവൺമെന്റിന് വേണ്ടി കാബിനറ്റ് അംഗീകരിച്ച പ്രസംഗം ആണ്. അതിൽ നിന്നും വിട്ടുപോകുന്നതോ വ്യതിചലിക്കുന്നതോ ആയിട്ടുള്ള പരാമർശങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുന്നതല്ല. അതാണ് സഭയുടെ കീഴ്‌വഴക്കം. മുൻകാലങ്ങളിൽ സമാന സന്ദർഭങ്ങളിൽ പലപ്രാവശ്യം സഭാധ്യക്ഷന്മാർ ഇക്കാര്യം വ്യക്തത വരുത്തിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായി ചൂണ്ടിക്കാണിച്ച പരാമർശങ്ങളുടെ കാര്യത്തിലും മുൻ തീരുമാനം തന്നെയാണ് നിലനിൽക്കുന്നത് എന്നാണ് ചെയറിന് ഇത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്'. 2026 ജനുവരി 20 ന് സ്പീക്കർ നിയമസഭയിൽ പ്രസ്താവിച്ചു.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഒരു വർഷത്തെ നയപരിപാടികൾ അതത് നിയമനിർമ്മാണ സഭകളിൽ അവതരിപ്പിക്കപ്പെടുന്നതിനെയാണ് 'നയപ്രഖ്യാനം' എന്ന സംജ്ഞ കൊണ്ട് പൊതുവായി അർഥമാക്കുന്നത്. ഒരു കലണ്ടർ വർഷത്തെ ആദ്യ സമ്മേളനത്തിന്റെ ആദ്യ ദിനമാണ് പാർലമെന്റിൽ പ്രസിഡന്റും, സംസ്ഥാന നിയമസഭകളിൽ ഗവർണ്ണർമാരും നയപ്രഖ്യാപന പ്രസംഗം നടത്തുന്നത്. സമാനമായി തിരഞ്ഞെ


ടുപ്പിലൂടെ പുതിയ ഗവൺമെന്റ് അധികാരത്തിലേറുന്ന അവസരത്തിൽ പാർലമെന്റിന്റെ/ നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ ആദ്യ ദിവസം ഇപ്രകാരം നയപ്രഖ്യാപന പ്രസംഗം നടത്തപ്പെടുന്നു.

ബ്രിട്ടീഷ് അധോസഭയെ രാജാവ് അഭിസംബോധന ചെയ്യുന്നതിൽ നയപ്രഖ്യാപന പ്രസംഗത്തിന്റെ പ്രാഗ് രൂപം കാണാനാകും. ബ്രിട്ടീഷ് ഇന്ത്യയിൽ 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റ് പ്രകാരം നിയമനിർമ്മാണ സഭകളെ ഗവർണ്ണർ ജനറൽ അഭിസംബോധന ചെയ്യുന്ന പതിവുണ്ടായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ 86 ാം അനുച്ഛേദം ലോക്സഭയുടെയും രാജ്യസഭയുടെയും ജോയിന്റ് മീറ്റിംഗിനെ പ്രസിഡന്റ് അഭിസംബോധന ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു. സ്വാതന്ത്ര്യാനന്തരമുള്ള താല്ക്കാലിക പാർലമെന്റിൽ 1950 ജനുവരി 31 ന് ഭരണഘടന അസംബ്ലിയുടെ അധ്യക്ഷനും യൂണിയൻ പ്രസിഡന്റുമായിരുന്ന ഡോ. രാജേന്ദ്രപ്രസാദ് പാർലമെന്റിനെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഇതിന് തുടക്കമിട്ടത്. ആ വർഷത്തെ ഓരോ സമ്മേളനത്തിന്റെയും ആദ്യ ദിവസങ്ങളിൽ പ്രസിഡന്റ് പാർലമെന്റിനെ അഭിസംബോധന ചെയ്തിരുന്നുവെങ്കിലും 1951 ലെ ആദ്യ ഭരണഘടന ഭേദഗതിയിലൂടെയാണ് 87 ാം അനുച്ഛേദപ്രകാരം പ്രസിഡന്റിന്റെ പ്രസംഗം വർഷത്തിൽ ഒരു തവണയായി ചുരുക്കിയത്.

പാർലമെന്റ് വിളിച്ചുചേർക്കുന്നതിന്റെ കാരണങ്ങൾ വിവരിക്കുക എന്നതാണ് ഭരണഘടന പ്രകാരം പ്രസിഡന്റിന്റെ പ്രസംഗം എന്നത് കൊണ്ടുദ്ദേശിക്കുന്നത്. നടപ്പു വർഷത്തെ ഗവൺമെന്റിന്റെ പോളിസികളും പ്രോജക്റ്റുകളും പ്രോഗ്രാമുകളും ദേശീയവും അന്തർദേശീയവുമായ നിലപാടുകളും വ്യക്തമാക്കുന്ന നയപ്രഖ്യാപന പ്രസംഗത്തിൽ ആ സമ്മേളന കാലത്ത് കൊണ്ടുവരാനുദ്ദേശിക്കുന്ന നിയമ നിർമ്മാണങ്ങളുടെ സംക്ഷിപ്ത വിവരണം കൂടി ഉൾപ്പെടുന്നു. പ്രസംഗം അവതരിപ്പിക്കുന്ന ഭരണഘടനാ പദവിയുള്ള വ്യക്തി എന്ന നിലയിൽ പ്രസിഡന്റിന് യുക്തമായ കാര്യങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുത്താമെന്നല്ല; മറിച്ച് തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് കൊണ്ടുവരാനുദ്ദേശിക്കുന്ന നയങ്ങൾ പ്രഖ്യാപിക്കാൻ മാത്രമാണ് പ്രസിഡന്റിന് കഴിയുക. ചുരുക്കത്തിൽ ആർട്ടിക്കിൾ 74 പ്രകാരം യൂണിയൻ ഗവൺമെന്റിന്റെ ഉപദേശനിർദേശങ്ങൾക്ക് അനുസരിച്ച് മാത്രമേ പ്രസിഡന്റിന് പ്രവർത്തിക്കാനാകൂ എന്ന നിബന്ധന പാർലമെന്റിലെ അദ്ദേഹത്തിന്റെ പ്രസംഗത്തിനും ബാധകമാണ്. കേന്ദ്ര കാബിനറ്റ് അംഗീകരിച്ച് നൽകുന്നത് പ്രകാരമുള്ള പ്രസിഡന്റിന്റെ പ്രസംഗം നിശ്ചയിച്ചിരിക്കുന്ന ദിവസം മറ്റു ബിസിനസ്സുകൾ കാണാറില്ല. പ്രസംഗത്തിന് ശേഷമുള്ള മൂന്നു ദിവസങ്ങളിൽ പ്രസിഡന്റിന്റെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയും വോട്ടെടുപ്പുമാണ്.

പാർലമെന്റിലേതിന് സമാനമായി 176 ാം അനുച്ഛേദപ്രകാരം നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞുള്ള സമ്മേളനത്തിന്റെ തുടക്കത്തിലും ഓരോ വർഷത്തെ ആദ്യ സമ്മേളനത്തിന്റെ തുടക്കത്തിലും ഗവർണ്ണർ നിയമസഭയെ (ലെജിസ്ലേറ്റീവ് കൗൺസിൽ ഉള്ള സംസ്ഥാനങ്ങളിൽ അതുൾപ്പെടെ) അഭിസംബോധന ചെയ്ത് പ്രസംഗിക്കേണ്ടതുണ്ട്. തിരഞ്ഞെടുപ്പ് കഴിഞ്ഞുള്ള പുതിയ നിയമസഭാ രൂപീകരണ സമയത്ത് അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കറുടെ തെരഞ്ഞെടുപ്പും പോലുള്ള ഒഴിച്ചുകൂടാനാകാത്ത അടിസ്ഥാന കാര്യങ്ങൾ കഴിഞ്ഞാലുടൻ ഗവർണ്ണറുടെ പ്രസംഗം നടക്കേണ്ടതാണ്. ഗവർണ്ണറുടെ പ്രസംഗം ഒഴിവാക്കാനാവാത്ത പാർലമെന്ററി നടപടി ക്രമമാണെന്ന് Syed Abdul Manzoor v. Speaker, West Bengal, Saradhakar Supakar v. Speaker, Orissa Legislative Assembly എന്നീ കേസുകളിലെ വിധിന്യായങ്ങളിലൂടെ വ്യക്തമാക്കിയിട്ടുമുണ്ട്. അതായത്, തിരഞ്ഞെടുപ്പിലൂടെ പുതിയ സഭ രൂപീകരിക്കപ്പെടുമ്പോൾ ഗവർണ്ണറുടെ നയപ്രഖ്യാപനം മുതലാണ് സഭയുടെ പ്രവർത്തനം ആരംഭിച്ചതായി കണക്കാക്കപ്പെടുന്നത്. ഗവർണ്ണറുടെ അസാന്നിധ്യത്തിൽ നിയമസഭയെ അഭിസംബോധ ചെയ്യുന്നതിന് ആർട്ടിക്കിൾ 160 പ്രകാരം പ്രസിഡന്റിന് യുക്തമെന്ന് തോന്നുന്ന വ്യവസ്ഥ തയ്യാറാക്കാവുന്നതാണ്. വർഷാവസാനം ആരംഭിച്ച് അടുത്ത വർഷാദ്യം തുടരുന്ന സമ്മേളനത്തിന്റെ ഇടയ്ക്ക് ഗവർണ്ണറുടെ പ്രസംഗം ആവശ്യമില്ല; ഒരു വർഷത്തിന്റെ ആദ്യ സെഷന്റെ ആദ്യ ദിനമാണ് ഗവർണ്ണറുടെ പ്രസംഗം വേണ്ടത്.

ആർട്ടിക്കിൾ 171(1) പ്രകാരം സഭ വിളിച്ചുകൂട്ടാനുള്ള അധികാരം ഗവർണ്ണർക്കാണുള്ളതെങ്കിലും ആർട്ടിക്കിൾ 163 പ്രകാരം വിവേചനാധികാരമുള്ള കാര്യങ്ങളൊഴിച്ച് മറ്റു വിഷയങ്ങളിൽ കാബിനറ്റിന്റെ ഉപദേശനിർദേശങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥനായതിനാൽ ഗവർണ്ണറുടെ പ്രസംഗത്തിന്റെ തീയതിയോ അതിന്റെ ഉള്ളടക്കമോ അദ്ദേഹത്തിന് നിശ്ചയിക്കാൻ കഴിയുകയില്ല. ഭരണഘടന അംഗീകരിച്ചിരിക്കുന്ന ഏതു ഭാഷയിലും ഗവർണ്ണർക്ക് പ്രസംഗിക്കാമെങ്കിലും പൊതുവായി ഇംഗ്ലീഷിലാണ് പ്രസംഗം നടത്തപ്പെടുന്നത്. പ്രസംഗാനന്തരം അതതു സംസ്ഥാനങ്ങളുടെ ഔദ്യോഗിക ഭാഷയിൽ പ്രസംഗം അംഗങ്ങൾക്ക് നൽകിവരുന്നു. ഗവൺമെന്റ് അംഗീകരിച്ച ഗവർണ്ണറുടെ പ്രസംഗത്തിന്റെ അച്ചടിച്ച കോപ്പികൾ അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും അവതരണത്തിനു ശേഷം വിതരണം ചെയ്യുന്നുണ്ടെന്നതിനാൽ, പ്രസംഗം അദ്ദേഹം പൂർത്തിയാക്കിയില്ലെങ്കിൽ കൂടി അത് വായിച്ച് പൂർത്തിയാക്കിയതായി കണക്കാക്കപ്പെടുന്നു. പാർലമെന്ററി നടപടിക്രമത്തിന്റെ അടിസ്ഥാന പ്രമാണമെന്ന നിലയിൽ സ്പീക്കർമാരുടെ നിരവധി റൂളിംഗുകളിലൂടെയും കോടതി




വിധികളിലൂടെയും ഇക്കാര്യം ആവർത്തിച്ചു വ്യക്തമാക്കുന്നു.

ഗവർണ്ണറുടെ പ്രസംഗം ഒരു നയപ്രഖ്യാപനമായതിനാൽ ഒരു ഗവൺമെന്റിന്റെ നയം തിരഞ്ഞെടുപ്പിലൂടെ പുതുതായി വരുന്ന ഗവൺമെന്റ് അംഗീകരിക്കണമെന്നില്ലെന്ന് മാത്രമല്ല വിഭിന്നമായ അഭിപ്രായങ്ങൾ നയപ്രഖ്യാപനത്തിൽ ഗവൺമെന്റിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും ചെയ്തേക്കാം. ഗവർണ്ണറുടെ പ്രസംഗത്തിലെ ഉറപ്പുകൾ ഗവൺമെന്റിന്റെ ഉറപ്പുകളായി കരുതി നിയമസഭ തുടർനടപടി സ്വീകരിക്കാറില്ല എന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്. ചുരുക്കത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭരണനിർവ്വഹണ അധികാരം കയ്യാളുന്ന വിഷയങ്ങളിലെല്ലാം ഗവൺമെന്റ് നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിലുൾപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കുന്നതാണ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ അധ്യായം V ലാണ് ഗവർണ്ണറുടെ പ്രസംഗവും അദ്ദേഹം സഭയ്ക്ക് നൽകുന്ന സന്ദേശങ്ങളും സംബന്ധിച്ച് പരാമർശിക്കുന്നത്.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കുന്നതിനുള്ള സമയം സ്പീക്കർ സഭാനേതാവിനോടും പ്രതിപക്ഷ നേതാവിനോടും കൂടിയാലോചിച്ച് നിശ്ചയിക്കുന്നു. നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗം ഒരു സെറിമോണിയൽ ഫങ്ഷനായാണ് നടത്തപ്പെടുന്നതെന്നതിനാൽ അംഗങ്ങൾ കർശനമായ അച്ചടക്കം പാലിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ പ്രസംഗ സമയത്ത് ചോദ്യങ്ങൾ ഉന്നയിക്കുവാനോ പ്രസംഗം തടസപ്പെടുത്തുവാനോ പാടുള്ളതല്ല.


ഗവർണ്ണർ തന്റെ ദീർഘമായ പ്രസംഗത്തിന്റെ ആദ്യ-അവസാന ഭാഗങ്ങൾ വായിച്ച് പോകുന്നതിനേക്കാൾ വിഭിന്നമായ സാഹചര്യമാണ് കാബിനറ്റ് അംഗീകരിച്ച വാചകങ്ങൾ അദ്ദേഹം ബോധപൂർവ്വം ഒഴിവാക്കുകയോ, അംഗീകരിക്കാത്തവ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിലൂടെ സംജാതമാകുന്നത്. 1969ൽ പശ്ചിമ ബംഗാൾ നിയമസഭാ അസംബ്ലിയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ മുൻ ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ടുള്ള അദ്ദേഹത്തിന്റെ നടപടി സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭാഗങ്ങൾ അദ്ദേഹം ഒഴിവാക്കിയെങ്കിലും മാർച്ച് 20 ന് നടന്ന നന്ദി പ്രമേയത്തിൽ ഒഴിവാക്കിയ ഭാഗം ഗവൺമെന്റ് ഭേദഗതിയായി അവതരിപ്പിക്കുകയും വോട്ടിനിട്ട് പാസാക്കുകയും അപ്രകാരം കാബിനറ്റ് അംഗീകരിച്ച ഗവർണ്ണറുടെ പ്രസംഗം ഔദ്യോഗിക രേഖയായി മാറുകയും ചെയ്തു. സമാനമായി പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമായിരുന്നു. കാബിനറ്റ് അംഗീകരിച്ച പ്രസംഗമാണ് നിലനിൽക്കുന്നതെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയും അതാണ് നിയമസഭയുടെ കീഴ്വഴക്കമെന്ന ചെയറിന്റെ റൂളിംഗിനും ശേഷം കാബിനറ്റ് അംഗീകരിച്ച പ്രസംഗത്തിൽ താൻ നടത്തിയ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും സഭയുടെ ഔദ്യോഗിക രേഖയായി വരണമെന്നും അപ്രകാരം നിർദേശിച്ചുകൊണ്ടുള്ള തന്റെ സന്ദേശം സഭയിൽ വായിക്കണമെന്നും ഗവർണ്ണർ ആവശ്യപ്പെട്ടു. തുടർന്ന് സ്പീക്കർ ഗവർണ്ണറുടെ സന്ദേശങ്ങൾ സഭയെ അറിയിക്കുകയും സഭയുടെ ഏകകണ്ഠമായ അഭിപ്രായ പ്രകാരം പ്രസ്തുത ആവശ്യം തിരസ്കരിക്കുകയുമാണുണ്ടായത്.




**മായാത്ത വിരൽപ്പാടുകൾ : ഒരു വിരലടയാള വിദഗ്ധന്റെ ഓർമ്മക്കുറിപ്പുകൾ**
**ഷിബു ആറാലുംമൂട്**

പരിധി പബ്ലിക്കേഷൻസ് :
തിരുവനന്തപുരം, 2025

Y:4:61(L168)wSHI R5
(ഓർമ്മക്കുറിപ്പുകൾ)



**ഭാസ്കരൻമാഷ് : മലയാളത്തിന്റെ മൊഴിച്ചന്തം**
**മോഹൻകുമാർ കല്ലായിൽ എഡി.**

ചിന്ത പബ്ലിഷേഴ്സ്:
തിരുവനന്തപുരം, 2025.


O32,1BHA:g R5
(കവിയും ഗാനരചയിതാവുമായ പി. ഭാസ്കരനെ കുറിച്ചുള്ള പുസ്തകം)




**കമ്പിളികണ്ടത്തെ കൽഭരണികൾ**
(മുപ്പത്തിയേഴാം പതിപ്പ്)
**ബാബു അബ്രഹാം**

മാതൃഭൂമി ബുക്സ്:
കോഴിക്കോട്, 2025

O32,3wBAB R5
(ഓർമ്മക്കുറിപ്പുകൾ)




**ഒഴുകാതെ ഒരു പുഴ**
**ചന്ദ്രമതി**

മാതൃഭൂമി ബുക്സ്:
കോഴിക്കോട്, 2025.


O32,3CHA R5
(നോവൽ)




**അച്ചടിയും പത്രപ്രവർത്തനവും കേരളത്തിൽ**
**ഡോ. എം.വി. തോമസ്**

കേരള മീഡിയ അക്കാദമി:
കൊച്ചി, 2025.


4.212 32R5
(അച്ചടി മാധ്യമങ്ങളുടെ ചരിത്രം)




**വൃദ്ധരോദനം**
**പ്രഭാകരൻ മലേക്കുടി**


എക്സ്പ്രസ്സ് ബുക്സ്:
പെരുമ്പാവൂർ, 2025

O32,3PRA,V R5
(നോവൽ)




**ഹിന്ദുത്വത്തിന്റെ രാഷ്ട്രീയമാനങ്ങൾ**
**അഡ്വ. കെ. അനിൽ കുമാർ**

ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2025.
W,4(Q1).2 32R5
(ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ചരിത്രത്തിലേക്കും വർത്തമാന കാലത്തിലേക്കുമുള്ള ഒരു എത്തിനോട്ടം)





**SANATAN: A Novel**
**Sharankumar Limbale**
**Tr.: Paromita Sengupta**

Penguin Random House: Haryana, 2024.
O155,3SHA,S 111R4
(Translation of Marathi Novel)





**ചുവപ്പിന്റെ മൂന്നാമൂഴം**
**ഡോ. കെ. ടി. ജലീൽ**

ഗ്രാൻമ ബുക്സ്: കോഴിക്കോട്, 2025.
W691.212 32R5
(കേരളത്തിലെ എൽഡിഎഫ് സർക്കാരിന്റെ തുടർഭരണവും വികസനവും മുൻനിർത്തി എഴുതിയ ലേഖനങ്ങൾ)





**OUR LIVING CONSTITUTION: A Concise Introduction and Commentary**

**Shashi Tharoor**
Aleph Book Company: New Delhi, 2025.
V2:2 R5
(This book helps to understand various aspects of the constitution with its essential elements and history)




**CONCEALING CASTE: Passing and Personhood in Dalit Literature**
**K. Satyanarayana and Joel Lee**

Oxford University Press: U.K., 2023.
O:g(Y5927)SAT R3
(This book is a collection of Dalit writings that focuses on caste concealment)




**THE FEARED: CONVERSATIONS WITH ELEVEN POLITICAL PRISONERS**

**Neeta Kolhatkar**
Simon & Schuster: London, 2024.
Y9(X:9Q) R4
(Conversations with eleven political prisoners across India.)




# ഇ.എം.എസ്. സ്മൃതി

**ARIVORAM**
BIMONTHLY | **APRIL 2026** | PRICE ₹ 50/-




# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Shaji C Baby, Secretary-in-charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section. Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor- A. N. Shamseer.